<u>മി. സ്പീക്കർ</u> : ഓർഡർ, ഓർഡർ....... ചോദ്യം നമ്പർ * 331.

**കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുവാൻ നടപടി**

**1 (*331)** <u>ശ്രീ. എം. നൗഷാദ്</u> :

<u>ശ്രീ. എ. പ്രദീപ്കുമാർ</u>:

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>:

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച പഠന റിപ്പോർട്ടിലെ മുഖ്യനിർദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർ നടപടി അറിയിക്കാമോ ;

(സി) ബോർഡിൽനിന്നും ലഭിക്കുന്ന സേവനം മികവേറിയതാക്കുന്നതിനായി, സാങ്കേതികമായും ഭരണപരമായും എന്തൊക്കെ നടപടികളാണ് പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ

സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ,

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച പഠന റിപ്പോർട്ടിൽ താഴെപ്പറയുന്ന വിഷയങ്ങളിലുള്ള നിർദ്ദേശങ്ങൾ ഉൾപ്പെട്ടിരിക്കുന്നു.

1. ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുക.
2. ഉപഭോക്താക്കൾക്ക് കമ്പ്യൂട്ടർവത്കൃത സേവനങ്ങൾ ലഭ്യമാക്കുക.
3. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഓഫീസുകളിലെ ആശയവിനിമയം മെച്ചപ്പെടുത്തുക.
4. വിവിധ ഓഫീസുകളിൽ പുന:സംഘടന നടത്തുക.
5. ജീവനക്കാരുടെ പുനർവിന്യാസം
6. റവന്യൂ ചെലവ് കുറയ്ക്കുക
7. ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കലും പരിശീലനം നൽകലും
8. ചില തസ്തികകളിൽ യോഗ്യത പുനർനിർണ്ണയം ചെയ്യുക
9. ഉദ്യോഗക്കയറ്റം നൽകൽ

10. ആശ്രിത നിയമനം

11. സ്പോർട്സ് ക്വാട്ട നിയമനം

12. ചില തസ്തികകളുടെ ഏകീകരണം

13. ചില തസ്തികകൾ നിർത്തലാക്കുക

14. ചില തസ്തികകളുടെ എണ്ണം കുറയ്ക്കുക

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) 03-05-2016-ൽ കെ.എസ്.ഇ.ബി.എൽ. ഡയറക്ടർ ബോർഡിന് മുമ്പാകെ ഐ.ഐ.എം. കോഴിക്കോട് പഠനത്തിന്റെ വിശദാംശങ്ങൾ അവതരിപ്പിക്കുകയും ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ബോർഡ് യോഗം ടി റിപ്പോർട്ട് നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി.

ഐ.ഐ.എം. കോഴിക്കോട് ടീമുമായി 03-05-2016-ലും 21-02-2017-ലും ഡയറക്ടർ (ഫിനാൻസ്) ചർച്ച നടത്തുകയുണ്ടായി. റിപ്പോർട്ടിൽ ഉൾപ്പെടാത്ത ചില മേഖലകളെയും വിഷയങ്ങളെയുംകൂടി ഉൾപ്പെടുത്തി ഒരു സപ്ലിമെന്ററി റിപ്പോർട്ട് നൽകാനായി ഐ.ഐ.എം. കോഴിക്കോടിനോട്

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം വൈദ്യുതി ഭവനിലെ ചില ഓഫീസുകൾ കൂടി പഠന വിധേയമാക്കുവാനും ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരിച്ചതിനുമുമ്പും ശേഷവും ആവശ്യമായ മാനവവിഭവശേഷിയെ സംബന്ധിച്ച നിർദ്ദേശം നൽകുവാനും എഗ്രിമെന്റ് പ്രകാരം നൽകേണ്ടിയിരുന്ന ചില റിപ്പോർട്ടുകൾ കൂടി നൽകുവാനും ഐ.ഐ.എം. കോഴിക്കോടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുന്ന തരത്തിൽ ടി റിപ്പോർട്ട് നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) സപ്ലിമെന്ററി റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്. അത് ലഭിച്ചതിനുശേഷം ഐ.ഐ.എം. ശിപാർശകളിൽ ബോർഡുതലത്തിൽ ചർച്ച ചെയ്യുകയും ഇതുസംബന്ധിച്ച് വിവിധ അംഗീകൃത ട്രേഡ് യൂണിയനുകളുമായും ഓഫീസർമാരുടെ അസോസിയേഷനുകളുമായും ചർച്ച ചെയ്യുകയും വേണ്ടതുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അഭിപ്രായ സമന്വയത്തിലൂടെ ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ട മാറ്റങ്ങളോടെ ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

<u>ശ്രീ. എം. നൗഷാദ്</u> : സർ, വൈദ്യുതി ബോർഡിനെ വിഭജിക്കുകയും സ്വകാര്യവത്ക്കരിക്കുകയും ചെയ്യണമെന്നുള്ള കേന്ദ്ര സർക്കാരിന്റെ സമ്മർദ്ദം

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ നിലപാടെന്താണ് ?

ശ്രീ. എം. എം. മണി: സർ, വൈദ്യുതി ബോർഡ് സ്വകാര്യവത്ക്കരിക്കുകയെന്ന ഒരു നിലപാടിനോടും ബോർഡിനും സംസ്ഥാന ഗവൺമെന്റിനും യോജിപ്പില്ല. പ്രത്യേകിച്ചും മൂന്ന് കമ്പനികളാക്കി വൈദ്യുതി ബോർഡ് വിഭജിച്ച് രജിസ്റ്റർ ചെയ്യണമെന്ന നിർദ്ദേശമാണ് കേന്ദ്രത്തിൽനിന്നും വന്നിരിക്കുന്നത്. അതിനോട് ബോർഡിനും സംസ്ഥാന ഗവൺമെന്റിനും യോജിപ്പില്ല.

ശ്രീ. എം. നൗഷാദ് : സർ, വൈദ്യുതി ബോർഡിൽ കാഷ്യർ, ജൂനിയർ അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് നിലവിലുള്ള പി.എസ്.സി. റാങ്ക്‌ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ?

ശ്രീ. എം. എം. മണി: സർ, നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് കെ.എസ്.ഇ.ബി.-ക്ക് മാത്രമുള്ളതല്ല. പൊതുമേഖലാ വ്യവസായങ്ങൾക്കുവേണ്ടി തയ്യാറാക്കിയ പി.എസ്.സി. ലിസ്റ്റാണുള്ളത്. ഇവിടെ ഒഴിവുവരുന്ന മുറയ്ക്കുമാത്രമേ നിയമിക്കാൻ കഴിയുകയുള്ളൂ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.സി.ഇ.ബി.-യിൽ ആയിരത്തിലധികം ആളുകളെ മസ്ദൂർ

തസ്തികയിൽ നിയമിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞ ഡിസംബർ 31- ന് കഴിഞ്ഞു. അതിനുശേഷം സബ് എഞ്ചിനീയർ പോസ്റ്റിലേയ്ക്ക് ഏതാണ്ട് തൊണ്ണൂറോളം ആളുകളെ നിയമിക്കാൻ അഡ്വൈസ് മെമ്മോ കൊടുത്തിട്ടുണ്ട്. സാധ്യമായ ഒഴിവുകൾ നികത്തുകയെന്ന നിലപാടുതന്നെയാണ് ഇതുവരെ സ്വീകരിച്ചിരിക്കുന്നത്. എന്നാൽ ഒഴിവുകളില്ലായെന്ന പ്രശ്നമുണ്ട് എന്ന യാഥാർത്ഥ്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, വൈദ്യുതി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ കോഴിക്കോട് ഐ.ഐ.എം. നടത്തിയ പഠനത്തിൽ പ്രധാനമായും ജീവനക്കാരുടെ തസ്തികകളുടെ എണ്ണം, അതിന്റെ അനുപാതം തുടങ്ങി ജീവനക്കാരുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകിയതായി കാണുന്നത്. എന്നാൽ വടക്കൻ കേരളത്തിൽ അതായത് മലബാർ, ഇടുക്കി തുടങ്ങിയ ജില്ലകളിലൊക്കെ മറ്റ് ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ ജീവനക്കാരുടെ എണ്ണത്തിൽ വലിയ കുറവുണ്ട്. അക്കാര്യത്തെ സംബന്ധിച്ച് ഐ.ഐ.എം-ന്റെ പഠന റിപ്പോർട്ടിൽ എന്തെങ്കിലും സൂചിപ്പിച്ചിട്ടുണ്ടോ; ആ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി

കൈക്കൊള്ളാൻ വൈദ്യുതി ബോർഡും ഗവൺമെന്റും ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. എം. മണി: സർ, മലബാർ മേഖലയിലും ഇടുക്കിപോലുള്ള മലയോര പ്രദേശങ്ങളിലും ജീവനക്കാർ കുറവാണെന്ന പ്രശ്നമുണ്ട്. അത് ബോർഡിന്റെ പ്രവർത്തനങ്ങളിൽ ചില പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതേസമയം ആവശ്യമില്ലാത്ത ചില കേന്ദ്രങ്ങളിൽ ജീവനക്കാർ കൂടുതൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നുവെന്ന സ്ഥിതിയുമുണ്ട്. ഇതുസംബന്ധിച്ച് വിശദമായ പരിശോധന നടത്തി ഭാവിയിൽ ശരിയായ നിലയിൽ ജീവനക്കാരെ വിന്യസിക്കേണ്ടതുണ്ട് എന്നാണ് ബോർഡ് കരുതുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഈ വർഷം നമുക്ക് ആവശ്യമായ മഴ ലഭിച്ചില്ല. അതിന്റെ ഫലമായി ഡാമുകളിൽ വെള്ളമില്ല. സ്വാഭാവികമായും നമ്മുടെ വൈദ്യുതി ഉത്പാദനത്തിനെ അത് ബാധിച്ചിട്ടുണ്ട്. അങ്ങ് എങ്ങനെയാണ് ഈ പ്രതിസന്ധിയെ മറികടക്കുന്നത്; പവർകട്ടില്ലാതെ കേരളത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് അങ്ങയുടെ നേതൃത്വത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്?

ശ്രീ. എം. എം. മണി : സർ, ഏത് സാഹചര്യത്തിലും പവർകട്ട് ഒഴിവാക്കിപോവുക എന്നതാണ് ഗവൺമെന്റിന്റെയും വൈദ്യുതി

ബോർഡിന്റെയും താല്പര്യവും കാഴ്ചപ്പാടും. മഴയില്ല, ഡാമിൽ വെള്ളം കുറവുണ്ട്, അതുകൊണ്ടുതന്നെ വൈദ്യുതി ഉത്പാദനം കുറയും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ ആവശ്യമുള്ള വൈദ്യുതിയുടെ 30 ശതമാനം മാത്രമായിരുന്നു ഉത്പാദനം. ഇപ്പോൾ അതിലും കുറയാനാണ് സാധ്യത. 70 ശതമാനം വൈദ്യുതി സംസ്ഥാനത്തിന് വെളിയിൽനിന്നും വാങ്ങിയാണ് ആവശ്യങ്ങൾ നിറവേറ്റിപ്പോകുന്നതെന്ന കാര്യം പരിഗണിക്കേണ്ടതുണ്ട്. അതുകൊണ്ട് ദീർഘകാലത്തേയ്ക്കും അതല്ലാതെയുമുള്ള കരാറുകൾവഴി വെളിയിൽനിന്നും വൈദ്യുതി കൊണ്ടുവന്ന് ഇവിടത്തെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും പവർകട്ട് ഒഴിവാക്കാനുമുള്ള നടപടി സ്വീകരിക്കും. അതിനുള്ള നടപടി ബോർഡ് സ്വീകരിക്കുന്നുണ്ട്. അത് ശക്തമായി മുന്നോട്ടുകൊണ്ടുപോകും എന്നതാണ് ഗവൺമെന്റിന്റെ നിലപാട്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : സർ, വൈദ്യുതി ബോർഡിന്റെ പ്രവർത്തന മികവ് ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് നൽകിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് സമയബന്ധിതമായി നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്?

ശ്രീ. എം. എം. മണി : സർ, ഐ.ഐ.എം-ന്റെ റിപ്പോർട്ട് ബോർഡിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ഫൈനാൻസ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു സമിതി രൂപീകരിക്കുകയും തുടർന്നുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ കാര്യങ്ങളുമാണ് ബോർഡ് ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. അൻവർ സാദത്ത് :സർ, ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം മികവ് പുലർത്തണമെന്നതാണ് ഇന്നത്തെ പ്രധാനപ്പെട്ട ചോദ്യം. മികവ് പുലർത്തണമെങ്കിൽ നമുക്ക് വേണ്ട രീതിയിലുള്ള സ്റ്റാഫ് ആവശ്യമാണ്. ഈ ഗവൺമെന്റിന്റെ കാലത്തുമാത്രമല്ല, സ്റ്റാഫിന്റെ കുറവുള്ളതുകൊണ്ട് ഇന്ന് പല ഇലക്ട്രിസിറ്റി ഓഫീസുകളും വേണ്ട രീതിയിൽ ജനങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള നിലവാരത്തിൽ ഉയർന്ന് പ്രവർത്തിക്കാൻ സാധിക്കുന്നില്ലയെന്നുള്ളത് കുറേ നാളുകളായിട്ടുള്ള ഡിമാന്റാണ്. അതിനൊരു പരിഹാരമായി എന്ത് മാർഗ്ഗമാണ് ഈ ഗവൺമെന്റ് കണ്ടിരിക്കുന്നത്? എന്റെ മണ്ഡലത്തിൽതന്നെ എടത്തല ഒരു പുതിയ സെക്ഷൻ ഓഫീസ് അനുവദിച്ചിരുന്നു. ആവശ്യത്തിനുള്ള സ്റ്റാഫ് സ്ട്രെങ്ത് ഇല്ലാത്തതുകൊണ്ട് അതിന്റെ പ്രവർത്തനം ഇഴഞ്ഞിഴഞ്ഞ് പോയിക്കൊണ്ടിരിക്കുകയാണ്. രണ്ട്

സെക്ഷൻ ഓഫീസ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചിരുന്നു. അതിനുവേണ്ടിയുള്ള സ്റ്റാഫ് പാറ്റേൺ കൊണ്ടുവരാനോ, പുതിയ തസ്തികകൾ സൃഷ്ടിക്കാനോ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. എം. എം. മണി : സർ, കഴിഞ്ഞ ഗവൺമെന്റ് 30 പുതിയ സബ് സ്റ്റേഷനുകൾ സ്ഥാപിച്ചിരുന്നു. എന്നാൽ അവിടെ ഒറ്റ ജീവനക്കാരുപോലും ഇല്ലായെന്നതാണ് സത്യം. പോസ്റ്റ് സാങ്ഷനും ഉണ്ടായിട്ടില്ല. മറ്റൊന്ന്, ബോർഡിൽ ഇപ്പോൾത്തന്നെ ജീവനക്കാർ കൂടുതലാണെന്നാണ് റെഗുലേറ്ററി കമ്മീഷന്റെ നിലപാട്. ഇപ്പോൾ 34,000 ജീവനക്കാർ ഉണ്ട്, യഥാർത്ഥത്തിൽ ബോർഡിൽ അത്രയും ജീവനക്കാർ ആവശ്യമില്ല, ജീവനക്കാരുടെ സംഖ്യ വളരെ കൂടുതലാണ് എന്നാണ് റെഗുലേറ്ററി കമ്മീഷന്റെ നിലപാട്. ഓരോ സ്ഥലത്തും ആവശ്യങ്ങൾ വരുമ്പോൾ ജീവനക്കാരില്ലായെന്ന് തോന്നുമെങ്കിലും യഥാർത്ഥത്തിൽ ജീവനക്കാർ കൂടുതലാണെന്നാണ് റെഗുലേറ്ററി കമ്മീഷന്റെ അഭിപ്രായം. അതുകൊണ്ടുതന്നെ പുതിയ നിയമനം നടത്തുന്നതിന് പരിമിതിയുണ്ട്. എങ്കിൽപ്പോലും ഇന്നത്തെ സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ടുതന്നെയാണ് ആയിരത്തിലധികം ആളുകളെ നിയമിക്കാൻ നിർദ്ദേശം കൊടുത്തത്. ഒഴിവുകളുണ്ടെങ്കിൽ ആ ഒഴിവുകൾ പി.എസ്.സി.

മുഖാന്തിരം നികത്തുന്നതിന് ബോർഡിന് വിരോധമില്ല.

ശ്രീ. ബി. ഡി. ദേവസ്സി : സർ, കെ.എസ്.ഇ.ബി.യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിനുംവേണ്ടി അങ്ങ് നടത്തുന്ന ഇടപെടലുകൾ വളരെ അഭിനന്ദനാർഹമാണ്. എന്റെ മണ്ഡലത്തിലെ ചാലക്കുടി സെക്ഷൻ ഓഫീസും കൊരട്ടി സെക്ഷൻ ഓഫീസും ഭൂവിസ്തൃതി കൊണ്ടും ഉപഭോക്താക്കളുടെ എണ്ണംകൊണ്ടും വിഭജിക്കേണ്ടതാണ്. ഉപഭോക്താക്കളുടെ സൗകര്യം കണക്കിലെടുത്തും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ചാലക്കുടി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി : സർ, ഇന്ന സെക്ഷൻ ഓഫീസ് സ്ഥാപിക്കുമെന്ന് ഇപ്പോൾ സഭയിൽ ഉറപ്പുപറയാൻ കഴിയില്ല. എം.എൽ.എ.മാരുടെ കത്തുകളുൾപ്പെടെ നിരവധി ആവശ്യങ്ങൾ ഇതുസംബന്ധിച്ച് വരുന്നുണ്ട്. അതുകൊണ്ട് ബോർഡുമായി ആലോചിച്ച് പ്രായോഗികമായി ആവശ്യമുള്ളിടത്ത് അതായത് ഒഴിവാക്കാൻ കഴിയാത്തിടത്തുമാത്രം സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിലപ്പുറത്തേയ്ക്ക് ചിന്തിക്കാൻ കഴിയില്ല എന്ന്

ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. പാറക്കൽ അബ്ദുള്ള : സർ, കെ.എസ്.ഇ.ബി.യുടെ 2006-2016 വരെയുള്ള കണക്കുപ്രകാരം ശരാശരി 175 പേർ വൈദ്യുതി ആഘാതമേറ്റ് സംസ്ഥാനത്ത് മരിക്കുന്നുണ്ട്. ഇത്തരത്തിൽ മരണപ്പെടുന്നവരിൽ ഭൂരിഭാഗവും അതായത് ഏതാണ്ട് 75 ശതമാനവും പൊതുജനങ്ങളാണെന്ന കാര്യം വൈദ്യുതി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വൈദ്യുതി ഉപയോഗിക്കുമ്പോൾ കൈക്കൊള്ളേണ്ട സുരക്ഷാ നടപടികളെ സംബന്ധിച്ച് സ്കൂൾതലം മുതൽ ബോധവൽക്കരണം നടത്തുന്നൊരു പദ്ധതിക്ക് സർക്കാർ രൂപം നൽകുമോ?

ശ്രീ. എം. എം. മണി: സർ, വൈദ്യുതി ഉപയോഗത്തിൽ ഉപഭോക്താക്കൾക്ക് വരുന്ന ജാഗ്രതക്കുറവുമൂലം അപകടം ഉണ്ടാവുന്നുണ്ട്. ഇതുസംബന്ധിച്ച ക്യാമ്പയിന്റെ ഭാഗമായി ഒരു സെമിനാർ അടുത്തകാലത്ത് സംഘടിപ്പിച്ചിരുന്നു. ജാഗ്രതയില്ലാതെ വൈദ്യുതി ഉപയോഗിക്കുന്നതിൽ നിന്നാണ് അപകടം ഉണ്ടാവുന്നത്. അപകടത്തിൽപ്പെട്ട് മരിക്കുന്നവരുടെ കാര്യത്തിൽ, എന്തെല്ലാം സഹായങ്ങൾ ചെയ്യാമെന്ന് ഓരോ സംഭവങ്ങളും പ്രത്യേകമായി പരിശോധിച്ച് നടപടി സ്വീകരിക്കുകയെന്ന സമ്പ്രദായമാണ് ഇപ്പോൾ ബോർഡ് സ്വീകരിച്ചുവരുന്നത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പാരമ്പര്യേതര ഊർജ്ജസ്രോതസ്സായ കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാൻ നേരത്തേ ശ്രീ. ശിവദാസ മേനോൻ മന്ത്രിയായിരുന്നപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ചിതലയിൽ 100 കിലോവാട്ട് ശേഷിയുള്ള ഒരു വിൻഡ് ജനറേറ്റർ സ്ഥാപിച്ചിരുന്നു. അതിപ്പോൾ പ്രവർത്തനരഹിതമാണ്. കെ.എസ്.ഇ.ബി. യുടെ ഉടമസ്ഥതയിലുള്ള ആ സ്ഥലത്ത് രണ്ട് മെഗാവാട്ട് ശേഷിയുള്ള അഞ്ച് വിൻഡ്ജനറേറ്റർ സ്ഥാപിക്കാനുള്ള സൗകര്യമുണ്ട്. അതിനെ സംബന്ധിച്ചുള്ള ചില പഠനറിപ്പോർട്ടുകൾ താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആ പദ്ധതി നടപ്പിലാക്കാൻ പരിശ്രമിക്കുമോ?

ശ്രീ. എം. എം. മണി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ സാധ്യത പ്രയോജനപ്പെടുത്തുക, കാറ്റിൽനിന്നും വൈദ്യുതി ഉല്പാദനത്തിനുള്ള നടപടി സ്വീകരിക്കുക, അതോടൊപ്പം മറ്റ് മാർഗ്ഗങ്ങളായ സോളാർ പോലുള്ള ഊർജ്ജസ്രോതസ്സ് ഉപയോഗപ്പെടുത്തുക, ജലവൈദ്യുത പദ്ധതികൾ ചെറുതാണെങ്കിലും അതിന്റെ സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുക എന്നിവയാണ് ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള പൊതുസമീപനം. ഇതുതന്നെയാണ് ഗവൺമെന്റിന്റെ നിലപാടുകളെന്ന് ഇതോടൊപ്പം

വ്യക്തമാക്കുകയാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, വൈദ്യുതി രംഗത്തെ ഏറ്റവും വലിയ പ്രശ്നം പദ്ധതികൾ ഇഴഞ്ഞുനീങ്ങുന്നു എന്നതാണ്. ഇപ്പോൾതന്നെ വൈദ്യുതി ഉല്പാദനരംഗത്ത് ഏകദേശം പതിനഞ്ചോളം പ്രവർത്തികൾ എത്രയോ വർഷമായി ഇഴഞ്ഞുനീങ്ങുകയാണ്, വർക്ക് നടക്കുന്നില്ല. സബ്സ്റ്റേഷനുകളുടെ കാര്യവും ഇതുപോലെ തന്നെയാണ്. പതിനൊന്ന് വർഷമായിട്ടും എരുമേലി സബ്സ്റ്റേഷന്റെ ഉദ്ഘാടനം ഇതുവരെ നടത്തിയിട്ടില്ല, ബോർഡിന്റെ കുറ്റമാണെന്ന് പറയുന്നില്ല. കോടതിയിൽ കേസ് നടക്കുകയാണ്. ഇത്തരം കാര്യങ്ങളിൽ അല്പംകൂടി ശുഷ്കാന്തി കാണിക്കണം. ഇക്കാര്യത്തിൽ ഇലക്ട്രിസിറ്റി ബോർഡിന് ഉത്തരവാദിത്തമില്ലേ; കേസുകൾ ഹൈക്കോടതിയിൽ തീർപ്പാക്കുന്നതിന് ശ്രമിക്കണ്ടേ? പറഞ്ഞുതീർക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കാനുള്ള ബുദ്ധിമുട്ട് അവർ വഹിക്കണ്ടേ? ഇക്കാര്യങ്ങളിലാണ് ഗതികേട്. എരുമേലി സബ്സ്റ്റേഷനുൾപ്പെടെയുള്ള വിവിധ സബ്സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? ഐ.ഐ.എം.-ന്റെ റിപ്പോർട്ടിൽ പറയുന്ന സ്പോർട്സ് ക്വാട്ടയുടെ കാര്യം അങ്ങ് ശ്രദ്ധിച്ചാൽ മനസ്സിലാവും, ഏറ്റവും നല്ല ഫുട്ബോൾ ടീം,

വോളിബോൾ ടീം ഇവയൊക്കെ ഏറ്റവും നല്ല പൊതുമേഖലാസ്ഥാപനമായ ഇലക്ട്രിസിറ്റി ബോർഡിന്റേതായിരുന്നു. ഇപ്പോൾ ഇതൊന്നും ഇല്ലെന്നായി. മണിസഖാവിന്റെ കാലത്തെങ്കിലും കൊള്ളാവുന്ന ടീമിനെ ഇതിലുൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എം. എം. മണി</u>: സർ, ഇടുക്കി പദ്ധതിയടക്കം നമ്മുടെ സംസ്ഥാനത്തെ എല്ലാപദ്ധതികളുടെയും നിർമ്മാണപ്രവർത്തനങ്ങളിൽ വലിയതോതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. ഇടുക്കി, ലോവർപെരിയാർ പദ്ധതികൾക്കല്ലാം തടസ്സങ്ങളുണ്ടായിട്ടുണ്ട്. കാലതാമസം വരുന്ന പ്രവണത നമുക്ക് പ്രതിസന്ധിയുണ്ടാക്കിയിട്ടുണ്ട്. അതിന് പരിഹാരം കാണുന്നതിനുള്ള മാർഗ്ഗം നമുക്ക് കൂട്ടായി സ്വീകരിക്കേണ്ടതുണ്ട്. സ്പോർട്സ് ക്വാട്ട സംബന്ധിച്ച് നമ്മുടെ പരിമിതിയിൽ നിന്ന് എന്തുചെയ്യാൻ കഴിയുമെന്ന് ആലോചിക്കാം. നിർമ്മാണത്തിലിരിക്കുന്ന സബ്സ്റ്റേഷന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ ഇലക്ട്രിസിറ്റി ബോർഡ് നടത്തുന്നതാണെന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, മാർച്ച് 31-ഓടെ സംസ്ഥാനമൊട്ടാകെ സമ്പൂർണ്ണ വൈദ്യുതീകരണത്തിലേയ്ക്ക് പോവുകയാണ്. ഈ പ്രവർത്തനങ്ങൾക്കെല്ലാം

ഫലപ്രദമായ നിലയിൽ നേതൃത്വപരമായ പങ്ക് വഹിക്കുന്ന വൈദ്യുതി വകുപ്പുമന്ത്രിയെ അഭിനന്ദിക്കുകയാണ്. എല്ലാവർക്കും വൈദ്യുതി ലഭ്യമായിക്കഴിഞ്ഞാൽ അടുത്ത പ്രശ്നം, അൺഇന്ററപ്റ്റഡ് പവർ അല്ലെങ്കിൽ തടസ്സങ്ങളില്ലാത്ത വൈദ്യുതി കൊടുക്കുക എന്നതാണ്. അങ്ങനെ കൊടുക്കണമെന്നുണ്ടെങ്കിൽ ഇന്നത്തെ സംവിധാനത്തിൽ, എല്ലാവരും പ്രകടിപ്പിച്ച അതേവികാരം തന്നെയാണ് എനിക്കുമുള്ളത്. അരൂർ മണ്ഡലത്തിലെ അരൂർ-എഴുപുന്ന സെക്ഷൻ ഓഫീസുകൾ വിഭജിച്ച് മൂന്ന് സെക്ഷൻ ഓഫീസുകളാക്കുക എന്ന ഒരു നിർദ്ദേശം നേരത്തേതന്നെ ഉണ്ടായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അതിനുമുൻപുള്ള ഗവൺമെന്റിന്റെ കാലത്തും 20000 ഉപഭോക്താക്കളുണ്ടെങ്കിൽ വിഭജിക്കണമെന്നതായിരുന്നു ഇലക്ട്രിസിറ്റി ബോർഡിന്റെ തീരുമാനം. ഇതിലധികം ഉപഭോക്താക്കളുണ്ടായിട്ടും വിഭജനം നീണ്ടുപോവുകയാണ്. ഉടനെ പരിഗണിക്കുമെന്ന് സ്ഥിരമായി പറയാറുണ്ടെങ്കിലും, ഇപ്പോഴെങ്കിലും ഈ വിഷയത്തിൽ അടിയന്തര പരിഗണന ഉണ്ടാവുമോ?

ശ്രീ. എം. എം. മണി: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ പ്രവർത്തനം എല്ലാ തലത്തിലും എല്ലാ മണ്ഡലങ്ങളിലും, ജില്ലകളിലും

നടന്നുവരുന്നുണ്ട്. മാർച്ച് 31-ന് പൂർത്തീകരിക്കുമെന്നാണ് ഗവൺമെന്റിന്റെ പ്രഖ്യാപനം. ബോർഡ് ആ കാര്യത്തിൽ ഫലപ്രദമായ ഇടപെടൽ നടത്തുന്നുണ്ട്. ഇക്കാര്യം സഭയിൽ ചർച്ച ചെയ്യുമ്പോൾ ഒരു കാര്യം സൂചിപ്പിക്കാനുണ്ട്, ബഹുമാന്യരായ ചില എം.എൽ.എ. മാരെങ്കിലും, പേര് ഞാൻ പറയുന്നില്ല, ഈ പദ്ധതിയ്ക്ക് വേണ്ടത്ര നിലയിൽ പരിഗണന കൊടുത്ത് സാമ്പത്തിക സഹായം ചെയ്തിട്ടില്ല. അവർ ആത്മപരിശോധന നടത്തി തിരുത്തുന്നത് നല്ലതായിരിക്കും. അങ്ങനെ ചെയ്തില്ലെങ്കിൽ പേരുവിവരങ്ങൾ സഭയിൽ വ്യക്തമാക്കേണ്ടിവരും എന്നുകൂടി സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, അങ്ങ് ഇടുക്കിയിൽ നിന്നുവരുന്ന മന്ത്രിയാണ്. ഇടുക്കിഡാമിലെ വെള്ളമുപയോഗിച്ചാണ് ഇന്ന് കേരളത്തിൽ ഏറ്റവും കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നത്. മഴയില്ലാത്തതിനാൽ ഇടുക്കിഡാമിലെ വെള്ളം കുറഞ്ഞിരിക്കുകയാണ്. ജലനിരപ്പ് വളരെ താഴ്ന്നു. നമ്മൾ തുലാമഴ പ്രതീക്ഷിച്ചു, എന്നാൽ വേണ്ടത്ര പെയ്തില്ല. ജൂണിലെ മഴ പ്രതീക്ഷിച്ചാണ് നമ്മൾ നിൽക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം കൃത്രിമ മഴ ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കാമെന്ന് സഭയിൽ പറഞ്ഞു. വെള്ളമില്ലെങ്കിൽ വൈദ്യുതി ഉണ്ടാവില്ല, സംസ്ഥാനം നിശ്ചലമാവും. കൃത്രിമമഴ പെയ്യിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഇടുക്കി

ജില്ലയ്ക്ക് പരിഗണന കൊടുത്ത് കൃത്രിമ മഴ പെയ്യിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി: സർ, ഈ കാര്യത്തിലെ സാങ്കേതിക വശങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിശോധിക്കുന്നതിനും യാതൊരു പ്രശ്നവുമില്ല. പ്രയോഗത്തിൽ കൊണ്ടുവരാൻ കഴിയുമെങ്കിൽ ആലോചിക്കാവുന്നതാണ്. ഇതിന് തടസ്സമില്ല. ഇക്കഴിഞ്ഞനാളുകളിൽ കേരളത്തിൽ മറ്റെവിടെയും മഴ പെയ്തില്ലെങ്കിലും ഇടുക്കിയിൽ കുറച്ച് മഴ പെയ്തിട്ടുണ്ട്, കുറച്ചധികം വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളം വന്നിട്ടുണ്ടെന്നുള്ള കാര്യംകൂടി ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്.

ശ്രീ. കെ. വി. വിജയദാസ്: സർ, അണക്കെട്ടുകളിൽ വെള്ളം കുറഞ്ഞതിനാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും, കേന്ദ്രപൂളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയെ ആശ്രയിച്ചുകൊണ്ടാണ് നമ്മുടെ സംസ്ഥാനം മുന്നോട്ടുനീങ്ങുന്നത്. ഈ സ്ഥിതിവിശേഷം കണക്കിലെടുത്ത് മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുമുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. എം. എം. മണി: സർ, മുടങ്ങിക്കിടക്കുന്ന പദ്ധതികളെല്ലാം പു:നരാരംഭിക്കണം എന്നുതന്നെയാണ് ഗവൺമെന്റിന്റെയും ബോർഡിന്റെയും

ചിന്തയും താല്പര്യവും. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോടിക്കണക്കിന് രൂപ മുടക്കി തുടങ്ങിയ പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതികളടക്കമുള്ളവ ഫലത്തിൽ സ്റ്റോപ്പ് ചെയ്തിരിക്കുകയാണ്. ഉല്പാദനം നടത്തുന്നതിനുള്ള സ്ഥിതിയുണ്ടായിരുന്നു. ആ നിലയ്ക്കുള്ള തുടർ പ്രവർത്തനം നേരത്തേ നടത്തിയില്ല എന്ന പ്രശ്നമുണ്ട്. ഇക്കാര്യം പരിശോധിക്കുമ്പോൾ ഒരു കാര്യംകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. നിറുത്തിവച്ച അല്ലെങ്കിൽ നിർമ്മാണഘട്ടത്തിൽ തള്ളപ്പെട്ടുപോയ പദ്ധതി സമയബന്ധിതമായി തീർത്തിരുന്നെങ്കിൽ കുറച്ച് വൈദ്യുതി ലഭ്യമാകുന്ന അവസ്ഥ ഉണ്ടാകുമായിരുന്നു. അത് ഫലത്തിൽ ഇല്ലാതെ പോയി. അതിനുപകരം ദീർഘകാല കരാറുണ്ടാക്കി പവർകട്ട് നേരിടുന്നതിനാണ് അന്ന് ശ്രമിച്ചത്. ഈ വസ്തുതകളൊക്കെയുണ്ടെങ്കിലും നിർമ്മാണത്തിൽ തള്ളപ്പെട്ടിരിക്കുന്ന മുഴുവൻ പദ്ധതിയും ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. പുതിയ ഏതെങ്കിലും പദ്ധതി ഉണ്ടെങ്കിൽ ആ കാര്യവും പരിഗണിക്കുന്നതായിരിക്കും എന്ന് വ്യക്തമാക്കുകയാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, മന്ത്രിയുടെ മറുപടിയിൽ 30% വൈദ്യുതി മാത്രം നമ്മൾ ഉല്പാദിപ്പിക്കുകയും 70% പുറത്തുനിന്ന് വാങ്ങുകയും ചെയ്യുന്നു എന്നു പറഞ്ഞു. ഇത് കാണിക്കുന്നത് നമ്മുടെ വൈദ്യുതി ഉപഭോഗം കുറയ്ക്കണം എന്നതാണ്.

എന്നുവച്ച് ആർക്കും വൈദ്യുതി നിഷേധിക്കാനും കഴിയില്ല. നമ്മുടെ നാട്ടിലെ തെരുവുവിളക്കുകളിൽ ഒരെണ്ണത്തിൽ, 40 വാട്സുള്ള രണ്ട് ട്യൂബ് ലൈറ്റുകളിലും കൂടി 80 വാട്ട്സ് വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. ഇതെല്ലാം എൽ.ഇ.ഡി. ആക്കുകയാണെങ്കിൽ വൈദ്യുതി ഉപഭോഗം നാലിലൊന്നായി കുറയ്ക്കാൻ കഴിയും. ഇത് സംസ്ഥാനത്തിനാകെ ഗുണകരമാണ്, മാത്രമല്ല കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലക്ഷക്കണക്കിന് രൂപയുടെ ലാഭം ഈയിനത്തിലുണ്ടാകും. സംസ്ഥാനത്തെ തെരുവുവിളക്കുകൾ എൽ.ഇ.ഡി. ആക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ?

ശ്രീ. എം. എം. മണി: സർ, വൈദ്യുതിയുടെ വിനിയോഗം പരിമിതപ്പെടുത്തുന്നതിനും വൈദ്യുതി ലാഭിക്കുന്നതിനുമുള്ള വിപുലമായ ഒരു ക്യാമ്പെയിൻ തന്നെ ബോർഡ് ആരംഭിച്ചിട്ടുണ്ട്. അതിൽ ജനങ്ങളെയും ജനപ്രതിനിധികളേയും ആകെ അണിനിരത്തണമെന്നാണ് ഗവൺമെന്റ് ആലോചിച്ചിട്ടുള്ളത്. അതേസമയം എൽ.ഇ.ഡി. ബൾബ് ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. ബഡ്ജറ്റിൽ അത് സംബന്ധിച്ചുള്ള സൂചനയുണ്ട്.

## സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

(*332) ശ്രീ. പി. ഉണ്ണി:
,, റ്റി. വി. രാജേഷ്:
,, കെ. ദാസൻ:
,, സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) വ്യവസായം ആരംഭിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതി സമയബന്ധിതമായി നൽകാൻ ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) പശ്ചാത്തല സൗകര്യ വികസനത്തിനായുള്ള പദ്ധതികൾ എന്തൊക്കെയെന്ന് അറിയാക്കാമോ; വ്യവസായ ഇടനാഴി രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിനായി വ്യവസായിക പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ച് സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം വ്യവസായ ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിന്റെ

ഭാഗമായി റോഡുകൾ നവീകരിക്കുന്നതിനും വൈദ്യുതി, ജലസൗകര്യം, ഖര-ദ്രവ്യ മാലിന്യ നിർമ്മാർജ്ജനം, പൊതുസേവന കേന്ദ്രങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി സ്ഥിരമായി ബഡ്ജറ്റിൽ വിഹിതം നൽകി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) കേരളത്തിൽ വ്യവസായം ആരംഭിക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ സൗഹൃദമേഖലയായി മാറ്റുന്നതിനുമായി നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും നടപടിക്രമങ്ങളിലും ആവശ്യമായ പരിഷ്ക്കാരങ്ങളും വരുത്തുന്നതിനായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിച്ചുവരുന്നു. കേന്ദ്ര സർക്കാരിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ (ഡി.ഐ.പി.പി.)-ന്റെ റാങ്കിംഗിന് അനുസൃതമായി കേരളത്തിൽ വാണിജ്യ വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി കെ.എസ്.ഐ.ഡി.സി.-യെ നോഡൽ ഏജൻസിയായി സർക്കാർ നിയോഗിച്ചിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും അപേക്ഷ ഫോമുകൾ ഏകീകരിച്ചുകൊണ്ട് ഓൺലൈൻ വഴിയുള്ള ഒരു പൊതു അപേക്ഷാ ഫോം (സി.എ.എഫ്.) നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി എൻ.ഐ.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കെട്ടിട നിർമ്മാണ പ്ലാൻ അംഗീകരിക്കുന്നതിനും അനുമതി പത്രം വേഗത്തിൽ

ലഭ്യമാക്കുന്നതിനുമായി ഒരു ഇന്റലിജൻസ് സോഫ്റ്റ്‌വെയർ പദ്ധതി നടപ്പാക്കുന്നതാണ്.

നിലവിലുള്ള ഏകജാലക ക്ലിയറൻസ് സംവിധാനം ഇൻവെസ്റ്റ്‌മെന്റ് ആന്റ് ഫെസിലിറ്റേഷൻ സെന്റർ (ഐ.പി.എഫ്.സി.) വഴി ശാക്തീകരിക്കുന്നതാണ്.

ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾപ്പെട്ട ഒരു സ്ഥിരം സെൽ രൂപീകരിക്കുന്നതാണ്.

(സി) കൊച്ചി-പാലക്കാട് മേഖലയെ ബാംഗ്ലൂർ വരെ ബന്ധിപ്പിക്കുന്നതിനുള്ള വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT)-ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ജലം,

വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഇവ കൂടാതെ വ്യവസായ സംരംഭകർക്ക് ഏകജാലക സംവിധാനംവഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും ലഭിക്കുന്നതിനുള്ള സംവിധാനവും എല്ലാ വ്യവസായ പാർക്കുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

വ്യവസായ സൗഹൃദ അന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി കിൻഫ്ര വഴി നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്:

1. വ്യവസായ വികസന മേഖല, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ.
2. വ്യവസായ പാർക്ക്, മട്ടന്നൂർ.
3. മെഗാ ഫുഡ് പാർക്ക്, പാലക്കാട്.
4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം.
5. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്.
6. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി.
7. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്.

8. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴക്കൽ, തൃശ്ശൂർ.

9. കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം.

10. ഫിലിം & വീഡിയോ പാർക്കിലെ പ്രത്യേക സാമ്പത്തിക മേഖലയുടെ രണ്ടാംഘട്ട വികസനം.

11. ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തിരുവനന്തപുരം.

12. ഫുഡ്‌വെയർ ക്ലസ്റ്റർ, രാമനാട്ടുകര, കോഴിക്കോട്.

ശ്രീ. പി. ഉണ്ണി: സർ, ഗൾഫ് നാടുകളിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെ നാട്ടിൽ എത്തുന്നവർക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം സൗജന്യങ്ങളും സൗകര്യങ്ങളുമാണ് ഈ സർക്കാർ നൽകുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, നമ്മുടെ നാട് അഭിമുഖീകരിക്കുന്ന വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ് അദ്ദേഹം ഉന്നയിച്ചത്. ഗൾഫിൽ നിന്ന് തിരിച്ചെത്തുന്ന പ്രവാസികൾക്കും ഗൾഫിലുള്ള നിക്ഷേപകർക്കും ആവശ്യമായ പശ്ചാത്തലസൗകര്യമൊരുക്കി കൊടുക്കുക, അവരുടെ ബിസിനസ് സംരംഭകത്വത്തിന് അതിവേഗം അനുമതി നൽകാനുള്ള സംവിധാനങ്ങളുണ്ടാക്കുക,

ഭൂമി ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ഇപ്പോൾ ചെയ്യുന്നത്. എളുപ്പത്തിൽ ബാങ്ക് വായ്പ ഉൾപ്പെടെ ലഭ്യമാക്കാനുള്ള സൗകര്യമൊരുക്കി കൊടുക്കുകയാണ് വ്യവസായ വകുപ്പ് സ്വീകരിച്ചുവരുന്നത്.

ശ്രീ. പി. ഉണ്ണി: സർ, ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുന്നതിന് അപേക്ഷിച്ചാൽ നിലവിൽ എത്ര ദിവസത്തിനകം ക്ലിയറൻസ് ലഭിക്കും; അത് പരമാവധി എളുപ്പത്തിലാക്കി കൊടുക്കാനാവശ്യമായ സഹായം സ്വീകരിക്കുവാൻ കഴിയുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, അതൊരു പ്രശ്നം തന്നെയാണ്. ഏകജാലക സംവിധാനമുണ്ടെങ്കിലും അപേക്ഷ കിട്ടിയാൽ യോഗം ചേർന്ന് നടപടി എടുക്കുമ്പോൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുടെയെല്ലാം നിയമത്തിലും ചട്ടത്തിലും ആവശ്യമായ ഭേദഗതികൾ വരുത്തി കേരളത്തിൽ വ്യവസായങ്ങളും സംരംഭങ്ങളും തുടങ്ങാൻ വേണ്ടിയുള്ള അന്തരീക്ഷം ഒരുക്കാൻ വേണ്ടിയാണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി ചില കാര്യങ്ങൾ ചെയ്യുമെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, നമ്മുടെ കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ അങ്ങേയറ്റം

പ്രതീക്ഷാനിർഭരമാണ്. നമ്മുടെ കേരളത്തിൽ ഏറ്റവും കൂടുതൽ സാദ്ധ്യതയുള്ള ഒന്നാണ് - നമ്മുടെ തീരദേശത്തെ അമൂല്യമായ ധാതുസമ്പത്ത്. പരിസ്ഥിതിയ്ക്ക് അനുയോജ്യമായി; അതിലോലമായ കടൽത്തീരത്തെ ഒരു തരത്തിലും ബാധിക്കാത്ത വിധത്തിൽ കേരളത്തിലെ ധാതുമണൽ ഖനനം പൊതുമേഖലയിൽ ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, കേരളത്തിന്റെ സാമ്പത്തിക വികസനത്തിൽ തൊഴിൽ ലഭ്യതയുണ്ടാക്കാനുള്ള അടിസ്ഥാന വ്യവസായങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ് കേരളത്തിലെ ധാതുമണൽ ശേഖരം. അത് ശേഖരിക്കുന്നതിനെക്കുറിച്ചുള്ള നിരവധി അഭിപ്രായങ്ങൾ വ്യത്യസ്ത മേഖലകളിൽ നിന്നും ഉയർന്നുവരുന്നുണ്ട്. പക്ഷേ ഈ ധാതുമണൽ പൊതുമേഖലയിൽ ഖനനം ചെയ്തെടുക്കാനും കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്കുവേണ്ടി അത് പ്രയോജനപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കാനുമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. കെ. ദാസൻ</u>: സർ, കേരളത്തിലെ പുതിയ തലമുറയ്ക്ക് മാന്യമായിട്ടുള്ള തൊഴിലും വരുമാനവും സംരക്ഷിക്കുന്നതിന് വ്യാവസായിക സാമ്പത്തിക വളർച്ച അത്യാവശ്യമാണെന്നാണ് സർക്കാർ കരുതുന്നത്. എന്നാൽ ഇതിന് തടസ്സമായി

നിൽക്കുന്നത് ഭൂമി ഏറ്റെടുക്കൽ നടപടിയാണ്. ഭൂമി ലഭ്യമാക്കാൻ പ്രാദേശികമായ വില കൊടുക്കുന്നതിനും തടസ്സങ്ങളാണ് നേരിടുന്നത്. പ്രാദേശികമായ വില നിശ്ചയിക്കാൻ ആവശ്യമായ ഒരു ക്രമീകരണമുണ്ടാകുകയാണെങ്കിൽ ധാരാളം ഭൂമി ഏറ്റെടുക്കാൻ കഴിയും. അതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, വ്യവസായ ആവശ്യത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കിൻഫ്ര ആരംഭിക്കാൻ പോകുന്ന പദ്ധതികളെ സംബന്ധിച്ചും സ്ഥലമേറ്റെടുപ്പിനെ സംബന്ധിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സ്ഥലമേറ്റെടുക്കുന്നതിന് ഇപ്പോൾ സർക്കാർ നിശ്ചയിക്കുന്ന വിലയല്ല കൊടുക്കാൻ ഉദ്ദേശിക്കുന്നത്, മാർക്കറ്റ് വിലയ്ക്ക് തുല്യമായ സംഖ്യ നൽകി നെഗോഷിയേറ്റ് ചെയ്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കാർഷികമേഖലയുടെ തളർച്ചയും നിശ്ചലാവസ്ഥയും കർഷകത്തൊഴിലാളികളെയും കർഷകരെയും വലിയ രീതിയിൽ ബാധിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കാനുള്ള സർക്കാരിന്റെ നിർദ്ദേശങ്ങൾ ഏറെ സ്വാഗതാർഹമാണ്. മെഗാ ഫുഡ് പാർക്കുകൾ ആരംഭിക്കുന്നത് കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത

ഉല്പന്നങ്ങളാക്കി മാറ്റാൻവേണ്ടി കഴിയും. ഇത് കർഷകർക്കും ഗുണകരമാകും. കർഷകരുടെ മക്കൾക്ക് ആധുനിക വ്യവസായ തൊഴിലാളികളായി ജോലിയും ലഭിക്കും. മെഗാഫുഡ് പാർക്കുമായി ബന്ധപ്പെട്ട പൊതുവായ പുരോഗതിയും വയനാട്ടിൽ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ 500 കോടി രൂപ മാറ്റിവച്ചത് നടപ്പിലാക്കുന്നത് സംബന്ധിച്ചും വിശദീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, പാലക്കാട് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി മെഗാഫുഡ് പാർക്കിനായി 50 കോടി രൂപയുടെ ഒരു പദ്ധതി കിൻഫ്ര വഴി ആരംഭിച്ചിട്ടുണ്ട്. അതിന് ഈ വർഷം 15 കോടി രൂപ കേന്ദ്ര ഗവൺമെന്റ് ലഭ്യമാക്കുകയുണ്ടായി. വളരെ പെട്ടെന്ന് അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കും. വയനാട് ഉൾപ്പെടെ ബഡ്ജറ്റിൽ സൂചിപ്പിച്ച സ്ഥലമേറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുത്തുകൊണ്ടിരിക്കുകയാണ്. കൃഷി വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം സഭയിൽ സൂചിപ്പിച്ചതുപോലെ കാർഷിക ഉല്പന്നങ്ങളെ പ്രയോജനപ്പെടുത്തിയിട്ടുള്ള വ്യവസായസംരംഭങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ കേരളത്തിൽ ഉല്പാദിപ്പിക്കാനും അത് ബ്രാൻഡ് ചെയ്യാനുള്ള സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, കേന്ദ്ര സർക്കാരിന്റെ പുതിയ 'മെയ്ക് ഇൻ

ഇൻഡ്യ പദ്ധതി' പ്രകാരം അമേരിക്കയെയും ചൈനയെയും പിന്തള്ളിക്കൊണ്ട് ഏറ്റവും കൂടുതൽ എഫ്.ഡി.ഐ. (ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ്) വരുന്നത് ഇപ്പോൾ ഇന്ത്യയിലേയ്ക്കാണ്. അതിന്റെ ഒരു ഷെയർ കേരളത്തിൽ ലഭിക്കാൻവേണ്ടി എന്തെല്ലാം പുതിയ പദ്ധതികളാണ് സർക്കാർ തയ്യാറാക്കുന്നത്; ചൈനയിൽ നിന്നുള്ള എൽ.ഇ.ഡി. ബൾബുകളുടെ കാര്യം ഇവിടെ പറഞ്ഞു. അതുപോലെ മൊബൈൽ ഫോണുകൾ ഇതൊക്കെ ദക്ഷിണേന്ത്യയിൽ തമിഴ്നാടിലും കർണ്ണാടകയിലൊക്കെ assemble ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. അവരെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ എന്തെങ്കിലും പുതിയ പദ്ധതികൾ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യത്തിനുതകുന്ന ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് സ്വീകരിക്കുന്നതിൽ നമുക്ക് വിരോധമൊന്നുമില്ല. അത്തരം ഇൻവെസ്റ്റ്മെന്റ് സ്വീകരിക്കാൻ വേണ്ടിയുള്ള പശ്ചാത്തല സൗകര്യങ്ങളൊരുക്കി കൊടുക്കുക, ഭൂമി ഒരുക്കിക്കൊടുക്കുക, മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്ന സമീപനമാണ് ചെയ്യുന്നത്. പക്ഷേ ഇത് പറയുമ്പോൾ തന്നെ കേന്ദ്ര ഗവൺമെന്റിന്റെ കേരളത്തിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിലെ നിക്ഷേപം കുറഞ്ഞുവരികയാണ്. പല

പൊതുമേഖലാ സ്ഥാപനങ്ങളും കൈയൊഴിയാനുള്ള സമീപനം സ്വീകരിക്കുന്നുവെന്നുള്ള അവസ്ഥയാണ്. മൊബൈൽ ഫോൺ, എൽ.ഇ.ഡി. ബൾബ് തുടങ്ങിയ ആധുനിക വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ എല്ലാ സഹായവും ചെയ്യണമെന്ന് തന്നെയാണ് ഗവൺമെന്റ് കരുതുന്നത്. അത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, നമ്മുടെ കേരളത്തിൽ സമൃദ്ധമായി ഉൽപ്പാദിപ്പിക്കുന്നത് റബ്ബറാണ്. റബ്ബറിന്റെ ലോകവ്യാപകമായിട്ടുള്ള ഉൽപ്പാദനത്തിൽ കേരളം വളരെ മുന്നിലെത്തിയിട്ടുണ്ട്. റബ്ബർ അധിഷ്ഠിതമായ വ്യവസായം പൊതുമേഖലയിൽ ആരംഭിക്കുന്നതിനെ സംബന്ധിച്ച് സാധ്യതാ പഠനം നടത്തുന്നത് നന്നായിരിക്കും. തിരുവനന്തപുരം ജില്ലയിൽ വലിയൊരു മേഖല മലയോര മേഖലയാണ്. ഇവിടെ ധാരാളം കണക്റ്റിവിറ്റി വന്നിട്ടുണ്ട്. അതുപോലെ പുതിയ വ്യവസായങ്ങൾ സാച്ചുറേഷൻ പോയിന്റിലേയ്ക്ക് പോവുകയാണ് നമ്മൾ. കേരളത്തിൽ സമൃദ്ധമായ, കേരളത്തിന്റെ സമ്പദ്ഘടനയെ സഹായിക്കുന്ന, റബ്ബർ കർഷകരെ സഹായിക്കുന്ന, സുലഭമായി കിട്ടുന്ന അസംസ്കൃത സാധനമായ റബ്ബർ അടിസ്ഥാനത്തിൽ ഒരു വ്യവസായം ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, കേരളത്തിന്റെ റബ്ബർ കൃഷിക്കാരെയും

കേരളത്തിന്റെ സമ്പദ്ഘടനയെയും ബാധിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം തന്നെയാണിത്. റബ്ബർ പ്രയോജനപ്പെടുത്തിയിട്ടുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കേരളത്തിൽ ഇന്ന് വേണ്ടത്ര ഇല്ലായെന്നുള്ള പ്രശ്നമുണ്ട്. അതിനെ പ്രോത്സാഹിപ്പിക്കേണ്ടത് അനിവാര്യമാണ്. അതുമായി ബന്ധപ്പെട്ട് കിൻഫ്ര തന്നെ ഒരു പ്രൊപ്പോസലുണ്ടാക്കി റാന്നിയിൽ ഒരു റബ്ബർ പാർക്ക് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ഇപ്പോൾ തുടങ്ങിയിട്ടുണ്ട്. മറ്റു സാധ്യതകളും പരിശോധിക്കുന്നതാണ്.

ശ്രീ. അനിൽ അക്കര: സർ, നമ്മുടെ പല പ്രദേശങ്ങളിലും ചില വ്യവസായ സ്ഥാപനങ്ങൾ വരുന്നതോടുകൂടി നിലവിലുള്ള സൗഹൃദംപോലും നഷ്ടപ്പെടുന്ന അന്തരീക്ഷമാണ് പല സ്ഥലങ്ങളിലുമുള്ളത്. പ്രത്യേകിച്ച് പഴയ റബ്ബർ, ടയർ ഒക്കെ വാങ്ങി പുഴുങ്ങി വേവിച്ച് പല ഉൽപ്പന്നങ്ങളും ഉണ്ടാക്കുന്ന വ്യവസായ സ്ഥാപനങ്ങൾ പല പ്രദേശങ്ങളിലുമുണ്ട്. ആ പ്രദേശത്ത് അത് വരുന്നതോടുകൂടി പിന്നെ പരിസര മലിനീകരണം തുടങ്ങിയ വിഷയങ്ങളൊക്കെ ഉണ്ടാക്കുകയാണ്. പഞ്ചായത്തുകളുടെ ലൈസൻസ് വാങ്ങിയതിനുശേഷമാണ് ഇതൊക്കെ പ്രവർത്തിക്കുന്നത്. ഇത്തരം സ്ഥാപനങ്ങൾ തുടങ്ങുന്നതിന് മുൻപായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പെർമിറ്റ് പഞ്ചായത്തിൽ നിന്ന് വാങ്ങി നിർമ്മാണം പൂർത്തിയാക്കും. പിന്നീടാണ്

ഇത്തരത്തിലുള്ള വ്യവസായങ്ങൾ അവിടെ വരുന്നത്. അത് നേരത്തെ അറിഞ്ഞ് അതിനുള്ള എൻ.ഒ.സി. കൂടി പഞ്ചായത്തിൽനിന്ന് വാങ്ങിയാൽ ഈ നിക്ഷേപകർക്ക് വലിയ രീതിയിലുള്ള മുതൽ മുടക്കിന് തടസ്സം വരുന്നത് ഒഴിവാക്കാൻ സാധിക്കും. ആ പ്രദേശത്തെ സൗഹൃദവും നിലനിർത്താൻ കഴിയും. കെട്ടിടങ്ങൾക്ക് പെർമിറ്റ് കൊടുക്കുന്നതിന് മുൻപായി ഇങ്ങനെയുള്ള പരിസര മലിനീകരണങ്ങൾ ഉണ്ടാക്കുന്ന വ്യവസായങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് മുൻകൂറായി ഒരു എൻ.ഒ.സി. വാങ്ങുന്നതിനുള്ള നടപടി വ്യവസായ വകുപ്പിന് സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിലെ വ്യവസായങ്ങളെയും അതുമായി ബന്ധപ്പെട്ട മലിനീകരണത്തിന്റെയും പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. ഇപ്പോൾ ഒരു വ്യവസായം തുടങ്ങണമെങ്കിൽ പഞ്ചായത്തിൽ നിന്ന് മാത്രമല്ല നിരവധി വകുപ്പുകളുടെ അനുമതി വേണം. നിരാക്ഷേപ പത്രം ഉണ്ടായാലാണ് ഒരു വ്യവസായം തുടങ്ങാൻ കഴിയുക. അതിന്റെ കാലതാമസത്തിനെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ഒരുപാട് കടമ്പകൾ കഴിഞ്ഞാലും ഒരു സംരംഭകന് വ്യവസായം ആരംഭിക്കാനുള്ള ബുദ്ധിമുട്ടുകളുണ്ട്. ആ ബുദ്ധിമുട്ടുകൾക്ക് കാരണം നിലവിലുള്ള നമ്മുടെ സംസ്ഥാനത്തിന്റെ നിയമങ്ങളിൽ ഈ കാര്യങ്ങളൊക്കെ അഡ്രസ് ചെയ്യുന്ന

എന്നുള്ളതുകൊണ്ടാണ്. അതിൽ ആവശ്യമായ പരിശോധനകൾ നടത്തിയാണ് വ്യവസായങ്ങൾ തുടങ്ങുന്നത്. വ്യവസായങ്ങൾ തുടങ്ങിയതിനുശേഷം ഏതെങ്കിലും മലിനീകരണ പ്രശ്നം ഉണ്ടെങ്കിൽ, ഫലപ്രദമായി ജനങ്ങൾക്ക് ഉപദ്രവകരമല്ലാത്ത രീതിയിൽ മലിനീകരണ നിയന്ത്രണ നടപടികൾ സ്വീകരിക്കുക എന്നുള്ള സമീപനമാണ് നമുക്ക് കേരളത്തിൽ ചെയ്യാൻ കഴിയുക. കേരളത്തിൽ പുതുതായി തുടങ്ങുന്ന വ്യവസായങ്ങൾ, മലിനീകരണങ്ങൾ കുറഞ്ഞ വ്യവസായങ്ങൾ അത് കാറ്റഗറി തിരിച്ച് വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ടി ease of doing business -ന്റെ ഭാഗമായിട്ടുള്ള ഈ പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ അത്തരം സമീപനംകൂടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, പൊതുമേഖലാ വ്യവസായങ്ങളുടെ നവീകരണത്തിനും അത് ലാഭകരവും കാര്യക്ഷമവും ആക്കുന്നതിനായി രൂപീകരിക്കപ്പെട്ട റിയാബിന്റെ നിർദ്ദേശപ്രകാരം ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടത്തിയ ഇടപെടലുകളെ സംബന്ധിച്ച് വിശദീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, 41 പൊതുമേഖലാ സ്ഥാപനങ്ങളിൽ, ഇപ്പോൾ ലാഭത്തിലായ 3 എണ്ണം ഉൾപ്പെടെ 11 പൊതുമേഖലാ സ്ഥാപനങ്ങളാണ്

ലാഭകരമായി പ്രവർത്തിക്കുന്നത്. ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രശ്നങ്ങളെന്ന് പറയുന്നത്, നവീകരണത്തിന് പ്രവർത്തന മൂലധനമില്ലായ്മ, മാർക്കറ്റിംഗിലെ പ്രശ്നം തുടങ്ങിയ നിരവധി ഘടകങ്ങളുണ്ട്. അവയൊക്കെ പരിശോധിച്ച് പരിഹാരം കാണാനും..... ഈ ബഡ്ജറ്റിൽ, പൊതുമേഖല വ്യവസായ സംരംഭങ്ങൾക്ക് ഉൾപ്പെടെ വ്യവസായ വകുപ്പിന് കൂടുതൽ തുക വകയിരുത്തിയിട്ടുണ്ട്. ഓരോ വ്യവസായത്തെയും പ്രത്യേകം എടുത്ത് അവയുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും പുതിയ ഉത്പന്നങ്ങളിലേയ്ക്ക് കടന്നുപോകാനും കഴിയുന്ന രീതിയിൽ ഇവയെ ശാക്തീകരിക്കുക എന്നുള്ള നിലപാടാണ് സ്വീകരിക്കുന്നത്. അതിനുള്ള നടപടികൾക്കായി റിയാബ് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. അവ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, തൊഴിൽ കൊടുക്കുന്നതിനുവേണ്ടി ചെറിയ മുതൽമുടക്കിൽ ഒരുപാട് തൊഴിൽസാധ്യതയുള്ള മലിനീകരണം ഇല്ലാത്ത എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന കുറേ കാര്യങ്ങളുണ്ട്. ഉദാഹരണത്തിന്, എൽ.ഇ.ഡി. ബൾബിലേയ്ക്ക് നമ്മൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. എൽ.ഇ.ഡി. ബൾബിന്റെ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ എന്ന് പറയുന്നത് 90 രൂപയാണ്. അതിന് മൂന്ന് ദിവസത്തെ ട്രെയിനിംഗിന്റെ ആവശ്യം മാത്രം മതി. ആ ട്രെയിനിംഗ്

സാധാരണ സ്ത്രീകൾക്കൊക്കെ പ്രത്യേകിച്ച് കൊടുക്കാൻ കഴിയും. അങ്ങനെയുള്ളത് തുടങ്ങുമ്പോൾ നമ്മുടെ ആവശ്യങ്ങൾക്ക് തന്നെ ഗവൺമെന്റിന്റെ സ്ഥാപനങ്ങളിലും..... ഇപ്പോൾ തന്നെ ഇലക്ട്രിസിറ്റി ബോർഡ് കറന്റ് ചാർജ് കുറയ്ക്കുന്നതിനുവേണ്ടി മാർക്കറ്റിൽ നിന്ന് വാങ്ങുകയാണ്. കുടുംബശ്രീ പോലെയുള്ള യൂണിറ്റുകളിലൂടെ എൽ.ഇ.ഡി. ബൾബുകൾ ചെറിയ കോസ്റ്റിൽ ഉത്പാദിപ്പിക്കുകയാണെങ്കിൽ......400-450 രൂപയ്ക്ക് മാർക്കറ്റിൽ നിന്ന് വാങ്ങുന്നത്, കോസ്റ്റ് ഓഫ് പ്രൊഡക്ഷനടക്കം 90 രൂപയ്ക്ക് ലഭ്യമാകുന്ന ഏറ്റവും നല്ല ക്വാളിറ്റിയുള്ള അത്തരം എൽ.ഇ.ഡി. ലൈറ്റ് ഉണ്ടാക്കുന്നതുൾപ്പെടെയുള്ള, കൂടുതൽ തൊഴിൽ കൊടുക്കാൻ പറ്റുന്ന വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് അങ്ങ് ആലോചിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, തീർച്ചയായും. കുടുംബശ്രീ ഉൾപ്പെടെ മാത്രമല്ല, ഐ.ടി.ഐ.കൾ, പോളിടെക്നിക്കുകൾ, എഞ്ചിനീയറിംഗ് കോളേജുകളിൽ ഉൾപ്പെടെ ഇത്തരം സംരംഭകരായ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് സഹായം കൊടുക്കുന്ന നടപടികൾ ഗവൺമെന്റിനുണ്ട്. സ്കൂളുകളുകളിലെ ഇ.ഡി.ക്ലബ്ബുകൾ ഇവയെല്ലാം പ്രയോജനപ്പെടുത്തി സംരംഭകത്വ മനസ് ഉണ്ടാക്കിയെടുക്കാനും ഇത്തരം തൊഴിലവസരങ്ങളിലൂടെ വിദ്യാഭ്യാസം കഴിഞ്ഞാൽ ഒരു തൊഴിൽ

കിട്ടാനും നിക്ഷേപത്തിന് ധൈര്യപൂർവ്വം ഇറങ്ങി ചെല്ലാനുള്ള അന്തരീക്ഷം ഉണ്ടാക്കിയെടുക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അത്തരം പരിശ്രമങ്ങൾ തുടരുന്നതാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് ഈ ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങൾ വളരെ ശ്രദ്ധേയമാണ്. പ്രത്യേകിച്ച് പ്രവാസികളുടെ നിക്ഷേപം സ്വീകരിക്കുന്നതിനാവശ്യമായിട്ടുള്ള സംവിധാനവും. പ്രവാസികൾ ഒട്ടും കുറവില്ലാത്ത ജില്ലയാണ് കാസർഗോഡ്. വ്യവസായികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന ജില്ലയുമാണ്. വ്യവസായങ്ങൾ തുടങ്ങുന്നതിനാണെങ്കിൽ സ്ഥലം ലഭ്യമായിട്ടുള്ള ഒട്ടേറെ പ്രദേശങ്ങൾ ജില്ലയിലുണ്ട്. അവിടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ തകർന്നിരിക്കുകയാണ്. KEL, BEL സംയുക്ത സംരംഭത്തോടുകൂടി അതും മുന്നോട്ട് പോകാത്ത സ്ഥിതയായി. ഈ ഒരു പുതിയ പരിതസ്ഥിതിയിൽ മലബാറിന്റെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ രീതിയിൽ പൊതുമേഖലാ സ്ഥാപനം തുടങ്ങാനും അതോടൊപ്പം സ്ഥല ലഭ്യതയ്ക്കനുസരിച്ച് വിവിധ ഇടങ്ങളിൽ മിനി ഇൻഡസ്ട്രിയൽ പാർക്കുകൾ തുടങ്ങുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: BEL-ന്റെ കാസർഗോഡ് യൂണിറ്റ് joint venture ആയി ആരംഭിച്ചതാണ്. കേന്ദ്ര സർക്കാർ അത് ഉപേക്ഷിക്കാൻ നിൽക്കുന്നു എന്നുള്ളതാണ് ആ സ്ഥാപനത്തിന്റെ പ്രതിസന്ധി. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ പൊതുമേഖലാ സ്ഥാപനം നിലനിർത്തണമെന്ന് കേരള ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. എം.പി.മാർ വഴിയും വീണ്ടും അത്തരം പരിശ്രമങ്ങൾ തുടരുകയാണ്. ആകെയുള്ള വ്യവസായ സ്ഥാപനം joint venture ആയപ്പോൾ മെച്ചപ്പെടുമെന്നാണ് നമ്മൾ കരുതിയത്. പക്ഷെ, കേന്ദ്ര ഗവൺമെന്റിന്റെ സമീപനത്തിന്റെ ഭാഗമായി അതിന്റെ സ്ഥിതി ഗൗരവപ്പെട്ട പ്രതിസന്ധിയിലാണ്. ഭൂമിയുടെ ലഭ്യത അനുസരിച്ച് കാസർഗോഡിന്റെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കുന്ന താണ്.

<u>ശ്രീ. കെ. മുരളീധരൻ</u> : സർ, കേന്ദ്ര ഗവൺമെന്റ് കേരളത്തിലുള്ള അവരുടെ പൊതുമേഖലാ സ്ഥാപനങ്ങളെ കയ്യൊഴിയാൻ നോക്കുകയാണെന്നുള്ള കാര്യം അങ്ങ് നേരത്തേ സൂചിപ്പിച്ചു. കേരളത്തിലുള്ള രണ്ട് പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളാണ് വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയും ഹിന്ദുസ്ഥാൻ ലാറ്റക്സും. ഇത് സ്വകാര്യ വ്യക്തികൾക്ക് കൊടുക്കാനാണ് കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. ഈ

ഭൂമിയൊക്കെ നമ്മുടേതാണ്. അതുകൊണ്ട് ഈ പൊതുമേഖലാ സ്ഥാപനങ്ങളെ കേന്ദ്ര ഗവൺമെന്റ് കയ്യൊഴിയുന്നപക്ഷം സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത് നടത്താൻ തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, കേരളത്തിലെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ കൊച്ചി കപ്പൽ നിർമ്മാണശാലയും, ഭാരത് പെട്രോളിയവും ഉൾപ്പെടെയുള്ളവയിൽ നിക്ഷേപം വരുന്നുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് പോലുള്ള സ്ഥാപനങ്ങളിൽ ഇറക്കുമതിയുടെ ഉൾപ്പെടെ മറ്റ് നിരവധി പ്രശ്നങ്ങളുണ്ട്. സംസ്ഥാന ഗവൺമെന്റ് ആ സ്ഥാപനം നിലനിർത്താൻ വേണ്ടി ഒരുപാട് സഹായങ്ങൾ നൽകുന്നുണ്ട്. കഴിഞ്ഞ ദിവസം സഭ അക്കാര്യം ചർച്ച ചെയ്തതാണ്. ആ സ്ഥാപനം പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ കേന്ദ്ര മന്ത്രിയെ നേരിൽ കണ്ട് സംസാരിക്കുകയും കഴിഞ്ഞ ദിവസം വീണ്ടും കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. അവർ സ്വീകരിക്കുന്ന സമീപനത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് എന്ത് ചെയ്യണമെന്നുള്ളത് പിന്നീട് ആലോചിക്കാം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ശ്രീ. റ്റി. വി. രാജേഷ് സൂചിപ്പിച്ചതുപോലെ കേരളത്തിൽ ഏറ്റവും കൂടുതൽ ധാതുമണൽ- കരിമണൽ ഉള്ളത് ആലപ്പുഴ ജില്ലയിലെ

ആറാട്ടുപുഴ മുതൽ കൊല്ലം ജില്ലയിലെ നീണ്ടകര വരെയുള്ള തീരദേശ മേഖലയിലാണ്. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ ചവറ കെ.എം.എം.എൽ. ഈ കരിമണൽ ഖനനം ചെയ്ത് ഇൽമനൈറ്റ്, റൂട്ടെയിൽ തുടങ്ങിയ പദാർത്ഥങ്ങൾ അവിടെ സംസ്കരിക്കുന്നുണ്ട്. ആ ഫാക്ടിയിൽ ഇത്തരം പദാർത്ഥങ്ങൾ ടൺ കണക്കിന് കെട്ടികിടക്കുമ്പോൾ അന്യ സംസ്ഥാനങ്ങളിൽ നിന്ന് കെ.എം.എം.എൽ. ഫാക്ടറിയിലേയ്ക്ക് ഇത്തരം പദാർത്ഥങ്ങൾ ഇറക്കുമതി ചെയ്യുന്നു. അതിന്റെ ഫലമായി കെ.എം.എം.എൽ. അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ പ്രതിസന്ധിഘട്ടത്തിലാണ്. ചവറ ഐ.ആർ.ഇ. കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ്. അതിന്റ ആരംഭഘട്ടത്തിൽ 1251 തൊഴിലാളികളുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 251 തൊഴിലാളികൾ മാത്രമേയുള്ളൂ. അതേ സമാനതയിൽ, ചവറ കെ.എം.എം.എൽ. ഫാക്ടറിയിൽ തൊഴിലാളികൾ കുറയുന്നതിന് കാരണം, അവിടത്തെ ഉത്പന്നങ്ങൾ വിദേശ രാഷ്ട്രങ്ങളിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും ഇവിടെ ഇറക്കുമതി ചെയ്യുന്നു. അപ്പോൾ ഇത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടൽ ഭീഷണി നേരിട്ടു കൊണ്ടിരിക്കുകയാണ്. അത്തരം കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u> : സർ, കെ.എം.എം.എൽ.-ന് ഇപ്പൊൾ യാതൊരു

പ്രതിസന്ധിയുമില്ല. ലാഭകരമായി പ്രവർത്തിക്കുന്ന കേരളത്തിലെ നല്ല പൊതുമേഖലാ സ്ഥാപനങ്ങളിലൊന്നാണ്. എന്തെങ്കിലും പ്രത്യേക സാധനങ്ങൾ ഇറക്കുമതി ചെയ്ത് പ്രതിസന്ധിയിലാക്കാനൊന്നും സർക്കാർ ഉദ്ദേശിക്കുന്നില്ല. അങ്ങനെയൊരു ഇറക്കുമതിയും ഇപ്പോൾ സ്വീകരിക്കുന്നില്ല. ഐ.ആർ.ഇ.യുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. പൊതുമേഖലയിൽ ധാതുമണൽ ഖനനം വരുന്നതോടുകൂടി നമ്മുടെ വ്യവസായങ്ങൾക്ക് അടിസ്ഥാനപരമായി ഉപയോഗിക്കാൻ കഴിയുന്ന ധാതുസമ്പത്തിനെ പ്രയോജനപ്പെടുത്താൻ കഴിയും. അത്തരമൊരു സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) :സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച പ്രശ്നം, കൊല്ലം ജില്ലയിലുള്ള ജനപ്രതിനിധികളെല്ലാം ഗൗരവമായി കാണേണ്ട കാര്യമാണ്. അവിടെ ഖനനം നടത്തുന്നതുമായി ബന്ധപ്പെട്ട് അനാവശ്യമായ തർക്കങ്ങളും അതിന്റെ ഭാഗമായുള്ള തടസ്സപ്പെടുത്തലുകളെല്ലാം ഉണ്ടാകുന്നുണ്ട്. അത് പൊതുവായ കാര്യങ്ങളെന്ന് പറഞ്ഞുകൊണ്ടാണ് നടക്കുന്നത്. അത്തരം കാര്യങ്ങൾ സംസ്ഥാനത്തിന്റെ വികസനത്തിന് തടസ്സമായി വരുന്ന കാര്യമാണെന്ന് മനസ്സിലാക്കി ഇവിടെ കാണിച്ച ശൗര്യം അവിടെ പ്രകടിപ്പിക്കാൻ തയ്യാറാകണമെന്നാണ് പൊതുവിൽ അഭ്യർത്ഥിക്കാനുള്ളത്.

## വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് പദ്ധതികൾ

(*333) ശ്രീ. ഒ. ആർ. കേളു:

ശ്രീ. കെ. കുഞ്ഞിരാമൻ:

ശ്രീ. പി. ടി. എ. റഹീം:

ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുമോ;

(സി) ഖാദി, കൈത്തറി, കാർഷികോല്പന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, പരമ്പരാഗത ഭക്ഷണം, കലാരൂപങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിന് മാമാങ്കം എന്ന പേരിൽ മേള സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) നെയ്ത്തുകാർ കൂടുതലായി താമസിക്കുന്ന മേഖലകളിൽ ഇന്റഗ്രേറ്റഡ് ഹാൻഡ്‌ലൂം വില്ലേജ് പദ്ധതി നടപ്പാക്കുമോ;

(ഇ) ദേശീയ അന്തർദ്ദേശീയ വിപണികളിൽ മത്സരിക്കുവാൻ ഉല്പന്നങ്ങളെ പ്രാപ്തമാക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും നെയ്ത്തുകാർക്ക് പ്രോത്സാഹനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) വിനോദ സഞ്ചാരമേഖലയുമായി യോജിച്ച് ക്രാഫ്റ്റ് ടൂറിസം പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് നടപ്പിലാക്കുന്ന വിവിധ പുതിയ പദ്ധതികളെക്കുറിച്ച് താഴെപ്പറയുന്നു.:

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് അസിസ്റ്റൻസ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ് ആർട്ടിസാൻസ് (ASHA) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പുതിയ പദ്ധതി ഈ വർഷം

നടപ്പിലാക്കുന്നുണ്ട്. ബീഡി തൊഴിലാളികളുടെ പുനരുദ്ധാരണത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബനാന ഫൈബർ, കളിമൺ വ്യവസായം, സ്ക്രൂപൈൻ, മറ്റ് പ്രകൃതിദത്ത നാരുകൾ, ബെൽ മെറ്റൽ തുടങ്ങിയ മേഖലകളിലെ തൊഴിലാളി ക്ഷേമത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നുണ്ട്. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വ്യവസായ ഉത്പന്നങ്ങൾക്ക് അന്തർദേശീയ-ദേശീയ വിപണി കണ്ടെത്തുന്നതിന് വ്യാപാർ 2017 എന്ന പദ്ധതി നടത്തി. കാർഷികോല്പന്നങ്ങളിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി അഗ്രോ ഫുഡ് പ്രൊ 2017 എറണാകുളത്ത് സംഘടിപ്പിച്ചു. ചില വ്യവസായങ്ങളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി സംരംഭക സഹായ പദ്ധതി വഴി അവയ്ക്ക് അധിക സാമ്പത്തിക സഹായം നൽകിവരുന്നു. വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പരിപാടി,

ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉല്പന്ന വിപണന മേളകൾ തുടങ്ങിയ പരിപാടികളും നടത്തുന്നുണ്ട്. സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾവഴി ധനസഹായം നൽകിവരുന്നു.

കൈത്തറി വ്യവസായ മേഖലയെ അഭിവൃത്തിപ്പെടുത്തുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് "സ്കൂൾ യൂണിഫോം പദ്ധതി". ഇപ്പോൾ ഈ പദ്ധതി പ്രകാരം ഒന്നു മുതൽ അഞ്ചുവരെ ക്ലാസ്സുകളിലെ കുട്ടികൾക്കാണ് യൂണിഫോം സൗജന്യമായി നൽകുന്നത്. അടുത്ത വർഷം മുതൽ ഒന്നുമുതൽ എട്ടുവരെ ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും സൗജന്യ യൂണിഫോം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ട്.

ഖാദി വ്യവസായ മേഖലയുടെ അഭിവൃദ്ധിക്കുവേണ്ടി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് "ഖാദി ഗ്രാമം പദ്ധതി". ഖാദി വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം.

(ബി) വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് 50:50 അനുപാതത്തിൽ വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഇങ്ങനെയൊരു പദ്ധതിയെക്കുറിച്ച് ആലോചിച്ചുവരുന്നു.

(ഡി) ഇന്റഗ്രേറ്റഡ് ഹാന്റ്ലൂം വില്ലേജ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ ചേന്ദമംഗലത്ത് ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

(ഇ) ഉണ്ട്. കൈത്തറി മേഖലയിൽ "കേരള ഹാന്റ്ലൂംസ്" എന്ന ബ്രാൻഡ് ഡെവലപ് ചെയ്ത് 75 തരം കൈത്തറി ഉത്പന്നങ്ങളെ സ്റ്റാൻഡേർഡൈസ് ചെയ്തിട്ടുണ്ട്. ഇതിന്റെ ലോഗോയും ബ്രാന്റ് നെയിമും കേന്ദ്ര സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

(എഫ്) ഉദ്ദേശിക്കുന്നുണ്ട്. കേരളത്തിന്റെ കരകൗശല വസ്തുക്കളിൽ തെരഞ്ഞെടുത്തവ കേരള സുവനീറുകളായി നിശ്ചയിച്ച് നിശ്ചിത ഗുണനിലവാരം

ഉറപ്പാക്കി മാർക്കറ്റ് ചെയ്യുന്നതിന് വിനോദ സഞ്ചാര മേഖലയുമായി യോജിച്ച് പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. ഒ. ആർ. കേളു: സർ, ആഗോളവൽക്കരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും ഭാഗമായി കേരളത്തിലെ വ്യവസായ സ്ഥാപനങ്ങൾ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ കേരളത്തിലെ നിലവിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ എത്രയാണെന്നും ഇതിൽ ലാഭകരമായത് എത്രയാണെന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ എത്രയാണെന്നും വ്യക്തമാക്കാമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ 41 എണ്ണമാണ്. അതിൽ 11 സ്ഥാപനങ്ങൾ ഇപ്പോൾ ലാഭത്തിലാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു ബദൽ നിലപാടാണ് കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റുതന്നെ അത്തരമൊരു സമീപനം സൂചിപ്പിക്കുന്നതാണ്. പൊതുമേഖലാ വ്യവസായങ്ങളെ സംരക്ഷിക്കാനും അവയുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമൊക്കെയുള്ള പദ്ധതികളാണ് ഗവൺമെന്റ് ആലോചിച്ചുവരുന്നത്.

ശ്രീ. ഒ. ആർ. കേളു: സർ, ബാംബൂ കോർപ്പറേഷൻ, പവർലൂം എന്നീ വ്യവസായങ്ങളെക്കൂടി സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബാംബൂ കോർപ്പറേഷൻ ഇപ്പോൾ നഷ്ടത്തിലാണ്. അതിന്റെ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനുള്ള പദ്ധതികൾ ഇപ്പോൾ സ്വീകരിച്ചുവരികയാണ്. മുള ഉൾപ്പെടെയുള്ള വനോല്പന്നങ്ങൾ ലഭ്യമാകുന്നതിനുള്ള പ്രശ്നങ്ങളും നേരിടുന്നുണ്ട്. പുതിയ ഉല്പന്നങ്ങളുണ്ടാക്കാനുള്ള പരിശ്രമങ്ങൾ തുടരുകയാണ്. ടൂറിസം ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് അഡ്വഞ്ചർ ടൂറിസം മേഖലയിലൊക്കെ ഹട്ടുകൾ നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതികവിദ്യയും വികസിപ്പിച്ചിട്ടുണ്ട്. ആ പ്രവർത്തനവും ബാംബൂ കോർപ്പറേഷനിൽ നടന്നുവരികയാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കേരളത്തിലെ തകർന്നുകൊണ്ടിരിക്കുന്ന വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടത്തുന്ന ഇടപെടൽ ഏറ്റവും ശ്ലാഘനീയമാണ്. അക്കൂട്ടത്തിൽ 2006-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ടെക്സ്റ്റൈൽ മില്ലുകളുണ്ട്. കഴിഞ്ഞ അഞ്ച് കൊല്ലക്കാലം യു.ഡി.എഫ്. ഗവൺമെന്റ് ആ മില്ലുകളെല്ലാം പൂട്ടിക്കുന്ന നടപടിയാണ് സ്വീകരിച്ചത്. കാസർഗോഡ് ഉദുമയിലും കണ്ണൂരിലെ

പിണറായിലും ആലപ്പുഴയിലെ ഹരിപ്പാട്ടും സ്ഥാപിച്ച ടെക്സ്റ്റൈൽ മില്ലുകൾ തുറന്ന് പ്രവർത്തിക്കാനുള്ള എല്ലാ സൗകര്യങ്ങളും അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് തുടങ്ങിവച്ചതായിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ തെറ്റായ നയത്തിന്റെ ഫലമായി അത് പൂട്ടിക്കിടക്കുന്ന നടപടിയാണുള്ളത്. എന്റെ മണ്ഡലത്തിലെ ഉദുമയിൽ 22 കോടിയിൽപ്പരം രൂപ ചെലവഴിച്ചാണ് ഒരു ടെക്സ്റ്റൈൽ മിൽ സ്ഥാപിച്ചത്. അതുമുഴുവൻ ഇപ്പോൾ നശിച്ചുകൊണ്ടിരിക്കുകയാണ്. അത് തുറന്ന് പ്രവർത്തിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ടെക്സ്റ്റൈൽ മേഖലയിൽ പ്രതിസന്ധിയുണ്ടായിരുന്നു. ഇപ്പോഴും ആ പ്രതിസന്ധി തുടരുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ നയം, മില്ലുകളുടെ മോഡണൈസേഷനിലുള്ള പ്രശ്നങ്ങൾ, ഉല്പന്നങ്ങളുടെ വിലക്കുറവ് തുടങ്ങിയ നാനാതരം പ്രശ്നങ്ങളുണ്ട്. സമീപ കാലത്ത് ആ പ്രതിസന്ധി രൂക്ഷമായതാണ്. പക്ഷേ ഇപ്പോൾ കേരളത്തിലെ എല്ലാ ടെക്സ്റ്റൈൽ മില്ലുകളും തുറന്ന് പ്രവർത്തിക്കാനാവശ്യമായ സാമ്പത്തിക സഹായം സർക്കാർ നൽകിയിട്ടുണ്ട്. സെൻട്രൽ പർച്ചേസ് വ്യവസ്ഥയിൽ ആവശ്യമായ കോട്ടൺ വാങ്ങി നൽകുന്നതിനുള്ള സംവിധാനം സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിലെ എല്ലാ ടെക്സ്റ്റൈൽ മില്ലുകളും ഇപ്പോൾ തുറന്ന് പ്രവർത്തിപ്പിക്കുകയും തൊഴിലാളികൾക്ക് ജോലി ലഭ്യമാകുകയും ചെയ്യുന്നുണ്ട്. ഉദുമയിൽ 22 കോടിയിൽപ്പരം രൂപ ചെലവഴിച്ച് സ്ഥാപിച്ചിട്ടുള്ള ടെക്സ്റ്റൈൽ മില്ലും പിണറായിലെ ടെക്സ്റ്റൈൽ മില്ലുമെല്ലാം തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അടിയന്തരമായി ആ കാര്യത്തിൽ തീരുമാനമുണ്ടാകും.

ശ്രീ. പി. ടി. എ. റഹീം: സർ, വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് 50:50 അനുപാതത്തിൽ വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അങ്ങ് മറുപടി നൽകുകയുണ്ടായി. ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമായി നിരവധി സ്ഥലങ്ങളിൽ വ്യവസായ എസ്റ്റേറ്റുകൾ എന്നുപറഞ്ഞ് സ്ഥലം എടുത്തിട്ടുണ്ട്. പക്ഷേ പല സ്ഥലത്തും വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ അവർക്ക് കഴിയുന്നില്ല. അതുകൊണ്ട് അവരെ സഹായിക്കുക, സംരംഭകരെ കൊണ്ടുവരിക, വ്യവസായ എസ്റ്റേറ്റുകളുടെ

അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കാവശ്യമായ മുതൽമുടക്ക് വ്യവസായ വകുപ്പ് നടത്തും. സംരംഭകരെ ആകർഷിക്കാനുള്ള നടപടികൾ സ്വീകരിക്കും. അതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഭൂമിയാണ് അവരുടെ പ്രധാന നിക്ഷേപം.

ശ്രീ. പി. കെ. ശശി: സർ, വ്യവസായ മേഖലയുടെ വളർച്ചയ്ക്കുവേണ്ടി ഗവൺമെന്റിന്റെ ഭാവനാപൂർണ്ണമായ എല്ലാ പദ്ധതികളേയും സ്വാഗതം ചെയ്യുകയാണ്. അതോടൊപ്പം പാലക്കാടുള്ള ഒരു എം.എൽ.എ. എന്ന നിലയിൽ മലബാർ സിമന്റിന്റെ ഉല്പാദനം വർദ്ധിപ്പിക്കാൻ കുറേക്കൂടി ശ്രദ്ധ കാണിക്കേണ്ടതുണ്ട്. മലബാർ സിമന്റിന് മാർക്കറ്റിൽ നല്ല ഡിമാന്റാണ്. ഡിമാന്റിന്റെ 8 ശതമാനം മാത്രമേ മീറ്റ് ചെയ്യാൻ കഴിയുന്നുള്ളൂ. അതുകൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കാൻവേണ്ടി നിലവിലുള്ള ഉല്പാദനത്തേക്കാൾ ഇരട്ടിയെങ്കിലുമാക്കാൻ അടിയന്തിരമായി ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. അതോടൊപ്പം പല പൊതുമേഖലാ സ്ഥാപനങ്ങളും ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ പൊതുമേഖലയിൽത്തന്നെയുള്ള സ്ഥാപനങ്ങൾക്ക് വാങ്ങാൻ സാധിക്കും. അങ്ങനെ വാങ്ങാൻ കഴിയാത്തതുകൊണ്ട് പല സ്ഥാപനങ്ങളും നഷ്ടത്തിലായിട്ടുണ്ട്. ഉദാഹരണത്തിന് കൊല്ലത്തെ മീറ്റർ ഫാക്ടറി,

അതുപോലെ ട്രാക്കോ കേബിൾ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപഭോക്താവെന്ന് പറയുന്നത് ഇലക്ട്രിസിറ്റി ബോർഡാണ്. കഴിഞ്ഞ 5 കൊല്ലക്കാലം ഇലക്ട്രിസിറ്റി ബോർഡിനാവശ്യമായ ഉല്പന്നങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും വാങ്ങാൻ തയ്യാറാകാത്തതിന്റെ ഭാഗമായി ഈ സ്ഥാപനങ്ങൾ നഷ്ടത്തിലായി. ഈ കാര്യങ്ങളിലെല്ലാം ഒരു തിരുത്തൽ വേണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കേരളം പോലെയുള്ള സംസ്ഥാനത്തിന്റെ വ്യവസായ വികസന സാധ്യതയെപ്പറ്റി പരിശോധിക്കുമ്പോൾ പൊതുമേഖലയെമാത്രം കേന്ദ്രീകരിച്ചുകൊണ്ട് കാര്യങ്ങൾ പരിശോധിക്കാനാവില്ല. സ്വകാര്യ സംരംഭകരെ നല്ലതുപോലെ ആകർഷിക്കാൻ കഴിയണം. അതിന് കഴിയുന്ന തരത്തിൽ വളരെ നൂതനമായ, ആകർഷകമായ പ്ലാറ്റ്ഫോം ഉണ്ടാക്കണം. അതിൽ ടൂറിസം, ഐ.ടി., ഐ.ടി. എനേബിൾഡ് സർവ്വീസസ് തുടങ്ങിയ കാര്യങ്ങൾക്കെല്ലാം വലിയ സ്ഥാനമുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. കൊച്ചിൻ റിഫൈനറി ഇരുപതിനായിരം കോടി രൂപയുടെ പദ്ധതി പൂർത്തിയാക്കുകയാണ്. അവിടെയുള്ള ബൈ പ്രോഡക്ട്സ് ഉപയോഗിച്ച് പ്ലാന്റുകളുണ്ടാക്കാൻ സാധിക്കും. പെട്രോകെമിക്കൽ ഹബ്ബുകൾ അല്ലെങ്കിൽ പാർക്കുകൾ ഉണ്ടാക്കാൻ സാധിക്കും. സ്വകാര്യ സംരംഭകർക്ക്

കടന്നുവരാൻ അവസരം കൊടുക്കത്തക്ക രൂപത്തിൽ ഭാവനാപൂർണ്ണവും നൂതനവുമായ പദ്ധതികൾ ആവിഷ്കരിക്കാൻ വ്യവസായ വകുപ്പ് മുൻകൈ എടുക്കുമോ

ശ്രീ. എ. സി. മൊയ്തീൻ: സർ, അവസാനം ചോദതന്നെ ആദ്യം പറയാം. കൊച്ചിൻറിഫൈനറിയുമായി ബന്ധപ്പെട്ട് അതിന്റെ ഉപോല്പന്നങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള സംരംഭങ്ങൾ ആരംഭിക്കാൻ വേണ്ടി 600 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനും പെട്രോകെമിക്കൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അത് പുതിയ തൊഴിലവസരങ്ങൾക്കും പുതിയ സംരംഭങ്ങൾക്കും അവസരമുണ്ടാക്കുന്ന ഒരു കാര്യമാണ്. മലബാർ സിമന്റ്സ് സമീപകാലത്ത് ചില പ്രതിസന്ധികളിൽപ്പെട്ടിരുന്നു. അതിന്റെ റോ- മെറ്റീരിയലായിട്ടുള്ള ലാറ്ററൈറ്റ്, കൽക്കരി എന്നിവ കിട്ടാനുള്ള പ്രയാസം, സമയത്ത് അത് ചെയ്യാത്തതിന്റെ പ്രശ്നം ഇങ്ങനെയുള്ള നാനാതരം പ്രശ്നങ്ങൾ നേരിട്ടിരുന്നു. ആ പ്രശ്നങ്ങളെല്ലാം പരിഹരിച്ച് ഉത്പാദനം ഇപ്പോൾ പൂർണ്ണതോതിൽ നടക്കുകയാണ്.

രണ്ടുമാസക്കാലം കൊണ്ടുണ്ടായ പ്രതിസന്ധി മാർക്കറ്റിൽ ചെറിയ പ്രശ്നമുണ്ടാക്കിയിട്ടുണ്ട്. മലബാർ സിമന്റ്സിന്റെ ബ്രാൻഡ് നെയിം വിശ്വസ്തതയുള്ളതാണെന്നുള്ളതുകൊണ്ട് ഇപ്പോൾ മാർക്കറ്റിലേക്ക് എത്തിക്കാൻ കഴിയുന്നുണ്ട്. നേരത്തെ പറഞ്ഞതുപോലെ, അതിന്റെ ഉത്പാദനശേഷി വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. അത് പ്രയോജനപ്പെടുത്തി തെക്കൻജില്ലകളിലേക്കുകൂടി മലബാർ സിമന്റിന്റെ മാർക്കറ്റ് ഉറപ്പുവരുത്താൻവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഖാദി-കൈത്തറി മേഖലയ്ക്ക് നല്ല പ്രാധാന്യം നമ്മുടെ ഗവൺമെന്റ് നൽകുന്നുണ്ട്. എന്നാൽ പല കാരണങ്ങളാൽ കൈത്തറി സഹകരണസംഘങ്ങൾ അടച്ചുപൂട്ടപ്പെട്ടിരുന്നു. എന്റെ നിയോജകമണ്ഡലത്തിൽ 20 വർഷത്തോളമായി കൈത്തറി സ്ഥാപനം അടച്ചുപൂട്ടിയിരുന്നു. ഇത് തുറന്നു പ്രവർത്തിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സർക്കാർ പരിഗണനയിലുള്ളത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഖാദി-കൈത്തറി മേഖല

സംരക്ഷിക്കുന്നതിനുവേണ്ടിയാണ് 'സ്കൂൾ യൂണിഫോം പദ്ധതി' ഇപ്പോൾ ആവിഷ്കരിച്ചത്. അതിന്റെ ഭാഗമായി കൈത്തറി മേഖലയിൽ ജോലി ചെയ്യാൻ കഴിയുന്ന മുഴുവൻ തൊഴിലാളികൾക്കും തൊഴിൽ കൊടുക്കാൻ ഇപ്പോൾ കഴിയുന്നുണ്ട്. അടുത്ത വർഷത്തേയ്ക്ക് അത് വ്യാപിപ്പിക്കുകയാണ്. അതിന്റെ ഭാഗമായി മുഴുവൻ കുട്ടികൾക്കും സ്കൂൾ യൂണിഫോം കൊടുക്കാനെന്നുള്ളത് ഈ വർഷം സമയം വൈകിയാണ് തീരുമാനിച്ചത്. ആവശ്യത്തിന് സമയമുണ്ടായില്ല എന്നുള്ളതാണ് ഒന്നാമത്തെ പ്രശ്നം. രണ്ടാമത്, തൊഴിലാളികളുടെ ലഭ്യതക്കുറവ്, പുനരുദ്ധാരണത്തിന്റെ ഭാഗമല്ലാതെ വന്നുപോകുന്ന തറികളുടെ കേടുപാടുകൾ, ഇതൊക്കെ പരിഹരിച്ചാൽ കുറേക്കൂടി ലൂമുകൾ പ്രയോജനപ്പെടുത്താൻ കഴിയും. അത് പ്രയോജനപ്പെടുത്തി അടുത്തവർഷം മുഴുവൻ കുട്ടികൾക്കും കൈത്തറി സ്കൂൾ യൂണിഫോം നൽകാൻ കഴിയുന്ന സംവിധാനമുണ്ടാകുമ്പോൾ ഇത്തരം സ്ഥാപനങ്ങളെയെല്ലാം ഈ രംഗത്തേയ്ക്ക് കൊണ്ടുവരേണ്ടി വരും. അതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> സർ, തിരുവനന്തപുരത്തെ ഏറ്റവും

പുരാതനമായ ഒരു വ്യവസായ സ്ഥാപനമാണ് ടൈറ്റാനിയം. ടൈറ്റാനിയത്തിന്റെ പ്രവർത്തനങ്ങൾ പലപ്പോഴും പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിനുകാരണം പ്രധാനമായി ഇൽമനൈറ്റ് ലഭ്യമാകാത്തതുകൊണ്ടാണ്. KMML-ൽ നിന്നും IRE-ൽ നിന്നും മുൻകൂറായി പണമടച്ച് ആവശ്യമായിട്ടുള്ള ഇൽമനൈറ്റ് ഇവിടത്തേയ്ക്ക് വാങ്ങുന്നത്. നേരത്തെയുള്ള സജഷനെന്നു പറയുന്നത്, **KMML-ൽ തന്നെ** ഒരു യൂണിറ്റുണ്ടാക്കി അവിടെ ഇൽമനൈറ്റ് പ്രോഡക്ട് ഉത്പാദനം നടത്തുന്നതിനുവേണ്ടിയുള്ള ഒരു നടപടി സ്വീകരിക്കണം. അതോടൊപ്പം തന്നെ ടൈറ്റാനിയത്തെ മലിനീകരണമേഖലയായി നേരത്തെ തന്നെ പ്രഖ്യാപിച്ചിരുന്നു. തിരുവനന്തപുരത്തെ തീരദേശ മേഖലയായ കണ്ണാന്തുറ, കൊച്ചുവേളി, വെട്ടുകാട് എന്നീ പ്രദേശങ്ങളെ മലിനീകരണ മേഖലയായി പ്രഖ്യാപിച്ചിട്ടുണ്ട്. അവിടത്തെ തീരദേശ മേഖലയിലെ ജനങ്ങൾക്ക് ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുവേണ്ടി ഒന്നരക്കോടി രൂപ അനുവദിച്ചിരുന്നു. അത് ഇതുവരെ ലഭ്യമാകാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അടിയന്തരമായി ഈ തുക അനുവദിക്കുന്നതിലേക്ക്

വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ടൈറ്റാനിയം ഈ വർഷം ലാഭത്തിലാകുകയാണ്. അതിന്റെ പ്രശ്നങ്ങളിൽ പ്രതിസന്ധി വീണ്ടും വരാൻ പോകുന്നത് മലിനീകരണ പ്രശ്നത്തിന്റേത് മാത്രമല്ല, മുമ്പ് മലിനീകരണ നിയന്ത്രണ സംവിധാനത്തിനുവേണ്ടി ഇറക്കിയിരുന്ന യന്ത്രങ്ങൾ ഉപയോഗിക്കാതെ അവിടെക്കിടക്കുകയാണ്. അത് ഇറക്കുമതി ചെയ്യുമ്പോൾ ലഭ്യമായിരുന്ന ഇളവുകളുടെ ഭാഗമായിട്ടുള്ള 17 കോടി രൂപയും അതിന്റെ പലിശയും കൂടി 35 കോടി രൂപ അടയ്ക്കണമെന്ന് കേന്ദ്രഗവൺമെന്റ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുകയാണ്. അന്നുണ്ടായ പ്രശ്നത്തിന്റെ പ്രതിസന്ധി നേരിടുകയാണ് ഇപ്പോൾ. ആ യന്ത്രങ്ങൾ ഉപയോഗിച്ചില്ല, അതിന്റെ ഭാഗമായിട്ടുള്ള നാശനഷ്ടങ്ങളുമുണ്ടായി. എന്നാൽ മിനറൽ ലഭ്യമാകുന്നതിന് ഇപ്പോൾ തടസ്സങ്ങളൊന്നുമില്ല. IRE-ൽ നിന്ന് ആവശ്യത്തിന് മിനറൽ ലഭ്യമാകുന്നുണ്ട്. ടൈറ്റാനിയത്തിന്റെ പ്രവർത്തനത്തിന് മറ്റൊരു തടസ്സങ്ങളും ഉണ്ടാകുന്നില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം പരിശോധിക്കാം.

ശ്രീ. ബി. സത്യൻ: സർ, 1969 കാലഘട്ടത്തിലാണ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ മിനി വ്യവസായ എസ്റ്റേറ്റുകളും വ്യവസായ എസ്റ്റേറ്റുകളും തുടങ്ങിയത്. ഇന്ന് അതിൽ പലതും പലരുടെയും കൈകളിലാണ്. ആ വ്യവസായ എസ്റ്റേറ്റുകളിലെ ചെറുകിട വ്യവസായകർ ഉത്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ SIDCO-യാണ് ശേഖരിച്ചു കൊടുത്തുകൊണ്ടിരുന്നത്. SIDCO തന്നെ അവരുടെ പ്രവർത്തനങ്ങൾ മാറ്റി കൺസ്ട്രക്ഷൻ മേഖലയടക്കം തിരിഞ്ഞിരിക്കുകയാണ്. SIDCO-യും തകർന്നു. ഈ സംസ്ഥാനത്തെ വ്യവസായ എസ്റ്റേറ്റുകളിൽ ഉല്പാദനം നടത്തുന്ന ഉല്പാദകരും ആ കേന്ദ്രങ്ങളും ഏതാണ്ട് തകർച്ചയിലാണ് നിൽക്കുന്നത്. സംസ്ഥാനത്തെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന സ്ഥലങ്ങളിലാണ് ഈ വ്യവസായ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള വൈദ്യുതിയും, മറ്റ് അടിസ്ഥാനസൗകര്യങ്ങളും എത്തിക്കുക, ഇതെല്ലാം ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു പദ്ധതിക്ക് അങ്ങ് രൂപം നൽകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, വ്യവസായ എസ്റ്റേറ്റുകൾ എന്നുപറഞ്ഞ് കേരളത്തിൽ വിവിധ പ്രദേശങ്ങളിൽ ഏകദേശം 2,500 ഏക്കർ ഭൂമിയുണ്ട്. പല കാലങ്ങളിൽ ലീസിന് കൊടുത്തതും പട്ടയം നൽകിയതുമായ ഭൂമിയാണിത്. ഇവയുടെ ഒരു കണക്കുപോലും വേണ്ടത്ര ലഭ്യമാക്കാനുള്ള ഒരു സംവിധാനമുണ്ടായിരുന്നില്ല. ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ചും ഏരിയയെ സംബന്ധിച്ചുമുള്ള കൃത്യമായ വിവരം ശേഖരിക്കാൻ വേണ്ടിയുള്ള നടപടികൾ ഇപ്പോൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. വ്യവസായ സംരംഭങ്ങളിൽ അപൂർവ്വം ചിലതൊഴികെ വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭകർ നല്ലരീതിയിൽ നടത്താനുള്ള പശ്ചാത്തല സൗകര്യങ്ങളും മറ്റും ഒരുക്കിക്കൊടുക്കുന്നുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ തന്നെ ചില വ്യവസായ എസ്റ്റേറ്റുകളിൽ റോഡുകളും മറ്റുസൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. വെള്ളത്തിന്റെയും വൈദ്യുതിയുടെയും പ്രശ്നം വ്യവസായ എസ്റ്റേറ്റുകൾ നേരിടുന്നുണ്ടെന്ന് പറയാനാവില്ല. ഏതെങ്കിലും പ്രത്യേക പ്രശ്നം ഏതെങ്കിലും സ്ഥലത്തുണ്ടെങ്കിൽ അത് പരിശോധിക്കാം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ വ്യവസായ വളർച്ചയ്ക്കാവശ്യമായ

ഭൗതിക സാഹചര്യങ്ങളുണ്ടാകുക എന്നുള്ളത് വളരെ പ്രധാനമാണ്. കേരളത്തിന്റെ വ്യവസായ വളർച്ചയുടെ തോത് നോക്കുമ്പോൾ അത്തരം സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. പുതിയ കാലഘട്ടത്തിൽ കുറെ ഐ.ടി.പാർക്കുകളും മറ്റുമൊക്കെ സ്ഥാപിച്ചത് അതിന് ശക്തിപകരുന്ന നടപടിയാണ്. എന്നാൽ കഞ്ചിക്കോട് വ്യവസായമേഖലയെ എറണാകുളം വല്ലാർപാടം കണ്ടെയ്നറുമായി ബന്ധിപ്പിക്കുന്നതിന് ഒരു വ്യാവസായിക ഇടനാഴി ഉണ്ടാക്കുന്നതിനും അല്ലെങ്കിൽ Industrial Corridor സ്ഥാപിക്കുമെന്നും അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയെന്നുമൊക്കെ പല സന്ദർഭങ്ങളിൽ ഈ സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഏതുവരെയെത്തി; ഏതുകാലത്ത് അത് പൂർത്തീകരിക്കും; എന്നുള്ള കാര്യങ്ങൾ വിശദമാക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഞാൻ ഇത് ആദ്യത്തെ ചോദ്യത്തിന് മറുപടിയായി സഭയിൽ പറഞ്ഞതാണ്. അതിനാവശ്യമായ സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്ന നടപടികളെ തുടർന്നാണ് സംസ്ഥാന

ഗവൺമെന്റിന് മറ്റുകാര്യങ്ങളിലേക്ക് പോകുവാൻ. ഈ കോറിഡോറിലുള്ള പ്രദേശങ്ങളിൽ വ്യവസായം തുടങ്ങാനാവശ്യമായ ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്താൻ സംസ്ഥാന ഗവൺമെന്റ് ഇപ്പോൾ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, വ്യവസായമേഖല അഭിവൃദ്ധിപ്പെടുത്തുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഭാഗമാണ് ടെക്സ്റ്റൈൽ കോർപ്പറേഷൻ. ടെക്സ്റ്റൈൽ മില്ലുകളിൽ വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ട പ്രശ്നം വന്ന് അടച്ചുപൂട്ടിയപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് അത് തുറക്കാൻ സാഹചര്യമുണ്ടാക്കിയതുതന്നെ വലിയ ആശ്വാസം. ടെക്സ്റ്റൈയിൽ മേഖല നവീകരിക്കാൻ വേണ്ടി ഇന്ന് നേരിടുന്ന പ്രതിസന്ധിയെ അതിജീവിക്കാൻവേണ്ടി ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്? ഞാൻ പ്രതിനിധാനം ചെയ്യുന്ന കടുത്തുരുത്തി മണ്ഡലത്തിൽ കോട്ടയം ടെക്സ്റ്റൈയിൽസ് അടക്കമുള്ള സ്ഥാപനങ്ങൾ ഏറ്റവും കൂടുതൽ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സാഹചര്യമുണ്ട്.

ഇതിനെ അതിജീവിച്ച് നല്ലനിലയിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയണം. ഇതുമൂലം ആയിരക്കണക്കിന് തൊഴിലാളികൾക്ക് അനുഗ്രഹമാകുകയാണ്. അതിന് ഗവൺമെന്റ് മുൻഗണന കൊടുക്കുമോ; ടെക്സ്റ്റൈയിൽ മേഖല നവീകരിക്കാൻ വേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ഗവൺമെന്റ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, ടെക്സ്റ്റൈയിൽ മേഖലയിൽ സാങ്കേതികവിദ്യയുടെ നവീകരണം അനിവാര്യമാണ്. നോട്ട് നിരോധനംമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി ടെക്സ്റ്റൈയിൽ മേഖലയിലും ബാധിച്ചിട്ടുണ്ട്. ഉത്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്ത പ്രതിസന്ധിയും പ്രവർത്തന മൂലധനത്തിന്റെ അഭാവവും ഉണ്ടായിട്ടുണ്ട്. അതെത്തുടർന്ന് വൈദ്യുതി ബോർഡിനും നിരവധി മാസങ്ങളുടെ കുടിശ്ശികയുണ്ട്. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ, വൈദ്യുതി വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ സഹായത്തോടുകൂടിയാണ് തുടർന്നും കുടിശ്ശികയില്ലാതെ മാസംതോറും അടച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ വൈദ്യുതി ലഭ്യമാക്കിയത്. ഇതിനാവശ്യമായ പ്രവർത്തനമൂലധനം

സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. 15 കോടി രൂപ അഡീഷണലായി വീണ്ടും അനുവദിച്ചു. അതിന്റെ ഭാഗമായിട്ടാണ് 'Centralised Purchase Committee' രൂപീകരിച്ചത്. കോട്ടൺ വാങ്ങി മില്ലുകൾക്ക് കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടായതിന്റെ ഭാഗമായി ആ മേഖലയിലുണ്ടായിരുന്ന കോട്ടൺ വാങ്ങിക്കുന്നതിലുള്ള തെറ്റായ പ്രവണതകൾ തിരുത്താൻ കഴിയും. ഓരോ മില്ലിനെക്കുറിച്ചും പഠിച്ച് പരിശോധിച്ച് അവിടെയുണ്ടാകേണ്ട നവീകരണം എന്താണെന്നും ആ മില്ലിനെ രക്ഷപ്പെടുത്തിയെടുക്കാൻ ഉണ്ടാകേണ്ട ഇപ്പോഴത്തെ പ്രശ്നങ്ങളും അതിനുള്ള പരിഹാരമാർഗ്ഗങ്ങളും നിശ്ചയിക്കാൻവേണ്ടിയുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മറ്റിയുടെ റിപ്പോർട്ട് അടുത്ത മാസം കിട്ടും. അതിനെത്തുടർന്ന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ഇവിടെ ഈ ബഡ്ജറ്റിലൂടെയും, അതുപോലെതന്നെ പുതുതായി തുടങ്ങാൻ പോകുന്ന കാര്യങ്ങളെപ്പറ്റിയും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോൾ വ്യവസായ സംരംഭകരെ സംബന്ധിച്ചിടത്തോളം വലിയ ആശാവഹമായിട്ടുള്ള

വിവരങ്ങളാണ് നൽകിയിട്ടുള്ളത്. പുതിയ നടപടികൾ വ്യവസായികളെ ആകർഷിക്കുന്നതിന് വളരെ പ്രയോജനകരമായിരിക്കുമെന്നുള്ള കാര്യം തീർച്ചയാണ്. പക്ഷെ, ഒരു കാര്യം, ഒരു 'കറുത്തപുള്ളി' പോലെ എല്ലാ ലൈസൻസുകളും കിട്ടിക്കഴിഞ്ഞ് വ്യവസായം തുടങ്ങാനുള്ള പണം മുടക്കി വ്യവസായം തുടങ്ങാനിരിക്കുന്ന സമയത്ത് പരിസ്ഥിതിവാദികളെന്നും പറഞ്ഞ് കോടികൾ മുടക്കിയ വ്യവസായം തടസ്സപ്പെടുത്തി തുടങ്ങാൻ കഴിയാതിരിക്കുന്ന ഒരു സ്ഥിതിവിശേഷം ഇന്നുണ്ട്. ഇതിന് പരിഹാരം കാണാൻ, തെറ്റായിട്ടാണ് ഈ ലൈസൻസ് കൊടുത്തതെങ്കിൽ ആ ലൈസൻസ് കൊടുത്ത സ്ഥാപനങ്ങളുടെ പേരിൽ നടപടി സ്വീകരിക്കുക; ഇതെല്ലാം ശരിയാണെങ്കിൽ ഇതിനെതിരായിട്ടുവരുന്ന ആളുകളുടെ പേരിൽ 'ക്രിമിനൽസ്' എന്നുള്ള നിലയിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഒരു വ്യവസായി എന്നുള്ള നിലയ്ക്ക് ശ്രീ. വി. കെ. സി. മമ്മത് കോയ വ്യവസായരംഗത്തുള്ള സജീവമായ ഒരു പ്രശ്നമാണ് ഉന്നയിച്ചത്. ആ കാര്യത്തിൽ ലൈസൻസ് കൊടുക്കുന്നതിനും

അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ലഘൂകരിക്കുന്നതിനുംവേണ്ടിയുള്ള നടപടികളെക്കുറിച്ച് ഞാൻ സൂചിപ്പിക്കുകയുണ്ടായി. അതുപോലെതന്നെ മലിനീകരണം, ആ പ്രശ്നത്തിന്റെ ഭാഗമായി നാട്ടുകാരുടെ പ്രതിഷേധമുണ്ടാകുമ്പോൾ സ്റ്റോപ്പ് മെമ്മോ കൊടുക്കുന്ന പഞ്ചായത്തിന്റെ സമീപനവുമുണ്ട്. ഇത്തരം കാര്യങ്ങളിൽ വ്യത്യസ്ത വകുപ്പുകളിലെ കാലതാമസം ഒഴിവാക്കാനും ഒരു ഏകജാലക സംവിധാനത്തിലൂടെ കൃത്യമായി ഒരു കേന്ദ്രത്തിൽ നിന്നുതന്നെ പരമാവധി ഒരു മാസത്തിനുള്ളിൽ അനുമതി ലഭ്യമാക്കാനുള്ള നടപടികളെക്കുറിച്ചുമാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അതിന്റെ ഭാഗമായി നമുക്ക് ഈ വരുന്ന പ്രശ്നങ്ങളുടെ ലഘൂകരണത്തിലേക്ക് പോകാനും വ്യവസായികളെ സഹായിക്കാനും സംരംഭകരെ സഹായിക്കാനുമാകും.

(ചോദ്യോത്തരവേള കഴിഞ്ഞു).